# മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്

A WEEKLY PUBLICATION OF THE FAITH & CULTURE FELLOWSHIP DEVALOKAM KOTTAYAM 686 038. KERALA

PHONE 8499 8234

വാല്യം 5 | 1984 മെയ് 13 | ലക്കം 14


# ഡോ. പി. സി. അലക്സാണ്ടർ പ: ബാവായെ സന്ദർശിച്ചു

സ്റ്റാഫ് എഡിററർ

കോട്ടയം: തമിഴ്നാട് ഗവർണ്ണർ ഡോ: പി. സി. അലക്സാണ്ടർ ഭാര്യാ സമേതം, മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷൻ പ: ബസേലിയോസ് മാർത്തോമാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവായെ സന്ദർശിച്ചു.

സന്ദർശനാർത്ഥം കോട്ടയം ദേവലോകം അരമനയിലെത്തിയ ഡോ: അലക്സാണ്ടറെ സമുദായ സെക്രട്ടറി പോത്തൻ മത്തായി ഹാരാർപ്പണം നടത്തി സ്വീകരിച്ചു. തുടർന്ന് പ: ബാവാ തിരുമനസിലെ സ്വീകരണ മന്ദിരത്തിലെത്തിയ ഗവർണ്ണർ, ഹാരാർപ്പണം നടത്തി പ: ബാവാ തിരുമേനിക്ക് ബഹുമാനാദരവുകൾ അർപ്പിച്ചു.

ഫിലിപ്പോസ് മാർ തെയോഫിലോസ്, ജോസഫ് മാർ പക്കോമിയോസ്, മാത്യൂസ് മാർ ബർന്നബാസ് എന്നീ മെത്രാപ്പോലീത്തന്മാരും, നിരവധി വൈദികരും, അത്മായ പ്രമുഖരും ചടങ്ങിൽ പങ്കെടുത്തു.

ഫാ: ററി. ജെ. ജോഷ്വാ ചടങ്ങിൽ പങ്കെടുത്തവരെ ഡോ: അലക്സാണ്ടർക്ക് പരിചയപ്പെടുത്തി. കുശലസംഭാഷണങ്ങൾക്കശേഷം മടങ്ങുന്നതിനു മുമ്പ് പ: ബാവാമാരുടെ കബറിടങ്ങളിൽ അദ്ദേഹം പ്രാർത്ഥനയും നടത്തി.



തമിഴ്നാട്ട് ഗവർണ്ണർ പി. സി. അലക്സാണ്ടർ ദേവലോകം അരമനയിലെത്തി പരിശുദ്ധ ബാവാതിരുമേനിയെ സന്ദർശിച്ചപ്പോൾ

ഫോട്ടോ രശ്മി കോട്ടയം

## പ്ളാററിനം ജൂബിലി ആഘോഷിച്ചു

പാമ്പാക്കുട: പാമ്പാക്കുട ചെറിയ പള്ളിയിൽ കബറടങ്ങിയിരിക്കുന്ന മലങ്കര സഭയുടെ ഒന്നാം കാതോലിക്കാ മുറിമററത്തിൽ പരിശുദ്ധ ബസേലിയോസ് പൗലൂസ് പ്രഥമൻ ബാവായുടെ ചരമ പ്ളാററിനം ജൂബിലി മെയ് 4-ന് ആഘോഷിച്ചു.

ആഘോഷങ്ങൾക്ക് പരിശുദ്ധ ബസേലിയോസ് മർത്തോമാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവായും, മാത്യൂസ് മാർ ബർന്നബാസ്, ജോസഫ് മാർ പക്കോമിയോസ്, മാത്യൂസ് മാർ എപ്പിഫാനിയോസ് എന്നീ മെത്രാപ്പോലിത്തന്മാരും നേതൃത്വം നല്കി.

രാവിലെ 8.30 ന് വി: മൂന്നിൻമേൽ കുർബാനയും തുടർന്ന് പ്രദക്ഷിണം, നേർച്ചവിളമ്പ് ആശിർവാദം എന്നിവയും നടത്തി.



കാരിച്ചാൽ സെൻറ്: ജോർജ് ഓർത്തഡോക്സ് പള്ളിയുടെ കൂദാശാനന്തരം ശിലാസ്ഥാപന ഫലകം പ: ബാവാതിരുമനസുകൊണ്ട് അനാച്ഛാദനം ചെയ്യുന്നു. വികാരി ഫാ: പി. എം. തോമസാണ് സമീപം.

## ചന്ദനപ്പള്ളി പെരുന്നാൾ സമാപിച്ചു

അടൂർ: ചന്ദനപ്പള്ളി വലിയ പള്ളിയിൽ വി. ഗീവറുഗീസ് സഹദായുടെ ഓർമ്മപ്പെരുനാൾ മെയ് 7, 8 തീയതികളിലായി ആഘോഷിച്ചു. നിയുക്ത കാതോലിക്കാ മാത്യൂസ് മാർ കൂറിലോസ്, ദാനിയേൽ മാർ പീലക്സിനോസ്, ഫിലിപ്പോസ് മാർ യൗസേബിയോസ്, മാത്യൂസ് മാർ എപ്പിഫാനിയോസ് എന്നീ മെത്രാപ്പോലീത്തന്മാർ പെരുനാൾ ചടങ്ങുകൾക്ക് നേതൃത്വം നല്കി.

7-ാം തീയതി സന്ധ്യാ പ്രാർത്ഥനയെ തുടർന്ന് മാത്യു ശങ്കരത്തിൽ കൺവൻഷൻ പ്രസംഗം നടത്തി. 8-ാം തീയതി രാവിലെ വി. മൂന്നിന്മേൽ കുർബ്ബാനയും ഉച്ചയ്ക്കു ശേഷം റാസാ, നേർച്ചവിളമ്പ്, ആശിർവാദം എന്നിവയും നടത്തി.

### ഏകദിന സമ്മേളനം

തുമ്പമൺ: ഡിസ്ട്രിക്ടിലെ മർത്തമറിയം, ബാലികാസമാജങ്ങളുടെ സംയുക്ത സമ്മേളനം ഏപ്രിൽ 21-ാം തീയതി തട്ട സെൻറ് ജോർജ്ജ് പള്ളിയിൽ നടത്തി. പ്രൊഫ. ററി. ററി. ഡാനിയേൽ ക്രിസ്തീയ കുടുംബത്തെപ്പററിയും, ററി. ജി. ജോർജ്ജ് ഗലാത്യ ലേഖനത്തെപ്പററിയും ക്ളാസുകൾ എടുത്തു.

ഉച്ചയ്ക്കുശേഷം ഭദ്രാസന സെക്രട്ടറി ഫാ. ദാനിയേൽ എൻ. വറുഗീസിൻെറ അദ്ധ്യക്ഷതയിൽ സമാപന സമ്മേളനം നടന്നു. ററി. ജെ. സ്കറിയാ, ററി. ജി. ജോർജ്ജ്, മറിയാമ്മ തോമസ് എന്നിവർ പ്രസംഗിച്ചു.

### പ: ബാവാ തിരുമനസ്സിലെ പ്രോഗ്രാം

മെയ്: 14 രാവിലെ 10.30 പരുമല സെമിനാരി. 15 ഞായർ 2.30 ഓമല്ലൂർ സെൻറ് തോമസ് പള്ളി. 19 വ്യാഴം 11 മണി പുത്തൻകാവ് കത്തീഡ്രൽ; 20 വെള്ളി 11 മണി കോട്ടയം സോഫിയാ സെൻറർ (പഴയ സെമിനാരി) 21: ശനി 10.30 എം. ഡി. സെമിനാരി കോട്ടയം. 22 ഞായർ 12 മണി പള്ളം സെൻറ് പോൾസ്. 27 വെള്ളി രാവിലെ 7 മണി അയ്ക്കൂർ മാതാപ്പാറ 29 ഞായർ 11.30 നെടുമാവ് സെൻറ് പോൾസ് പള്ളി.

മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്

വാല്യം 5 1988 മെയ് 13 ലക്കം 14

# കുയിലിൻെറ മധുരഗീതം

പ്രകൃതിയിലെ സംഗീത ഋതുവിൻെറ വരവായി. കുയിലുകൾ സംഗീത ബ്രഹ്മമുണർത്തി പ്രകൃതിയെയാകെ മധുരമയമാക്കിത്തീർക്കുന്ന കാലം. കുയിലുകളുടെ ഗീതികൾക്കൊരു സവിശേഷതയുണ്ട്. വെറുതെ കുറെനേരം മൂഷിപ്പൻ രീതിയിൽ ചിലയ്ക്കുകയല്ല അവയുടെ രീതി. ഗംഭീരധ്വനികളോടെ ഓർമ്മകളുടെ തുകിലുണർത്തുന്ന ചകോരാദികളുടെ നിശ്ചലസംഗീതവുമല്ലത്. കുയിലിൻെറ ഗാനമാവട്ടെ ശ്രോതാവിൻെറ മനസ്സിൻെറ ഉള്ളറകളിലേക്ക് തറഞ്ഞുകയറി മധുരതരമായ ഒരു ദുഃഖംപോലെ അവിടെ തങ്ങിനിൽക്കും. ഒരിരുപ്പിൽ പാടിത്തുടങ്ങി തൻെറ ശബ്ദം മുഴുവൻ നിന്നുപോകുന്നിടം വരെ ചെന്ന് ഒരു കിതപ്പോടെ ആ ഗാനം നിലയ്ക്കും. പിന്നീട് അല്പനേരം കഴിഞ്ഞേ അടുത്തപടിക്കു തുനിയൂ. ഓരോ നിറുത്തിലേയും ഗാനാലാപം അതിൽത്തന്നെ പൂർണ്ണമായെന്നു തോന്നിപ്പോകും. singing its soul out!" എന്നായിരിക്കും കുയിലിൻെറ ആത്മഗീതത്തോടുള്ള നമ്മുടെ പ്രതികരണം. എല്ലാം മറന്നിരുന്നു പാടി പൂർത്തിയാക്കി തൻെറ മുഴുവൻ ഗാനശക്തിയുമൊഴുക്കി നിർവൃതിയടയുന്ന പക്ഷി! സ്വന്തമായി കൂടുനിർമ്മിക്കാനറിയാതെ അന്യൻെറ കൂട്ടിൽ ഒളിഞ്ഞും പാത്തും മുട്ടയിട്ടിട്ട് മറഞ്ഞുകളയുന്ന ഈ നാണം കുണുങ്ങിക്ക് എത്ര മധുരമായി പാടാൻ കഴിയുന്നു!

ഒരു പ്രത്യേകതരം ലാഘവമനഃസ്ഥിതി ഇന്നു മനുഷ്യരിൽ പടർന്നു പിടിച്ചിട്ടുണ്ട്. എല്ലാം ഒരു "ഒഴുക്കൻ മട്ടിൽ" ചെയ്യുന്ന ഒരു രീതി അതിൻെറ പരിണിത ഫലമായുണ്ടായ ചില പദപ്രയോഗങ്ങൾ നോക്കൂ. "ചടങ്ങുകൾ," 'പരിപാടികൾ" "നല്ല പ്രകടനം കാഴ്ചവയ്ക്കുക" 'ഒരു രസം' ഇങ്ങനെ പലതും. ഇവ ഉപയോഗിക്കുന്ന സാഹചര്യങ്ങളിൽ അവയുടെ അർത്ഥം നഷ്ടപ്പെട്ടുകഴിഞ്ഞു. തൽസ്ഥാനത്ത് 'ലാഘവ'ത്തിൽ മയങ്ങുന്ന "അർത്ഥമില്ലായ്മയുടെ" ഒരർത്ഥംമാത്രം കൈവന്നിരിക്കുന്നു. ഈ നിസ്സംഗതയ്ക്കു കാരണം, മാദ്ധ്യമങ്ങൾ വരുത്തിയ താളപ്പിഴയോ, നവതാളമോ; ആധുനികതയും സാങ്കേതികവിദ്യകൊണ്ടുവന്നു തന്നിരിക്കുന്ന സുരക്ഷിതത്വബോധമോ, മതബോധ

## ധ്യാനപീഠം

ത്തിനു വന്നിരിക്കുന്ന മാന്ദ്യമോ ഒക്കെയാകാം. പലതും ചെയ്യുന്നതിൽ ഉൽസാഹമില്ലാതെ പോകുന്നത് അക്കാരണത്താലാണ്. എല്ലാം ഒരു ചടങ്ങിനുവേണ്ടി മാത്രം. ഒന്നിനും അനിവാര്യതയില്ല; പലതിൻെറയും വേലിക്കെട്ടുകൾ എന്നേ പൊളിഞ്ഞുപോയി. നിത്യജീവിതത്തിൽ ഇന്നും കാണപ്പെടുന്ന പല ഔപചാരികതകളുടെയും പുറംതോടു മാററിയാൽ അപ്രതീക്ഷിതമായതും അത്ഭുതമുളവാക്കുന്നതുമായ നിസ്സംഗതയായിരിക്കും.

വ്യക്തിബന്ധങ്ങളിൽ പരസ്പര ബഹുമാനം എന്നത് ഇന്ന് ഒരു കടംകഥയല്ലേ? മൂല്യാധിഷ്ഠിതമായ ജീവിതങ്ങളുടെ മാതൃകതേടി എവിടെ പോകണം. മാതൃക കണ്ടേക്കും എന്നു പ്രതീക്ഷിക്കപ്പെടുന്ന സ്ഥാനങ്ങളിൽ അവകാണാതായിട്ടും നമുക്കു നടുക്കമുണ്ടാകുന്നില്ല; കാരണം നടുങ്ങാനുള്ള പ്രതികരണശേഷി നമുക്കെല്ലാം എന്നേ കൈമോശം വന്നുപോയി!


ചെയ്യാൻ സംഗതി വരുന്നതെല്ലാം ഭംഗിയായും, ആത്മാർത്ഥമായും മുഴുവൻ മനസ്സോടെയും, ലാഭേച്ഛ കൂടാതെയും ചെയ്യാൻ കഴിയാത്തവർക്ക് ഒരു പാഠമാണ് കുയിലൻെറ ആത്മഗീതകം. പാടാനിരുന്നാൽ തൻെറ ജീവൻ മുഴുവൻ അതിലേക്കു പകരുന്ന പക്ഷി! സംഗീതം പരമകോടിയിലെത്തിയാൽ അവിടെ നിർത്തി, നാദലയത്തിലലിയുന്ന പക്ഷി! പ്രതിഫലത്തിനോ ലാഭത്തിനോ വേണ്ടിയല്ലാതെ, തൻെറ ജീവനിൽ ചാലിച്ചെടുത്ത ലോലനാദമുതിർത്തുന്ന പക്ഷി, തൻെറ സൃഷ്ടാവിൻെറ നേരെ നോക്കി സ്തുതിവചസ്സുകൾ ഉരുവിട്ട് ധ്യാനനിമഗ്നമാകുകയാണെന്ന കവിവാക്യം എത്ര മനോഹരം!

ചെയ്യാൻ സംഗതിവരുന്നതൊക്കെയും യേശുനാഥനുവേണ്ടി തൻെറ നേരെ നോക്കിക്കൊണ്ട് അത്യുത്സാഹത്തോടെ നിവർത്തിക്കുന്നവനു് ജീവിതത്തിൽ ഒരു കൃതാർത്ഥതയുണ്ടാകും. സകലവും നിവർത്തിയായായി' എന്ന് അന്ത്യശ്വാസത്തോടൊപ്പം ഉരുവിടുന്ന ലോകരക്ഷകൻ ഇതിൻെറ നിതൃഷ്ടാന്തമാണ്. അവിടുന്ന് ചെയ്ത ഏതുകാര്യവും തൻെറ പിതാവിനെപ്രതിയും, പിതാവിൻെറ നാമത്തിനു സ്തുതിപറഞ്ഞുകൊണ്ടും മാത്രം ചെയ്തു. നിസ്സംഗതയോടെയല്ല, അത്യുത്സാഹത്തോടെ. നല്ല ഒരു വ്യക്തിത്വത്തെ തിരിച്ചറിയേണ്ടതു് ഇങ്ങനെയാണ്. ചെയ്യുന്നതെന്തും ഉത്സാഹത്തോടും സന്തോഷത്തോടും ചെയ്തുതീർക്കുന്ന സ്വാഭാവരീതി. അത്യുത്സാഹവും വേഗവും അധാർമ്മികതയ്ക്കു മറയായിരിക്കരുതെന്ന് മാത്രം. പ്രാർത്ഥിക്കുമ്പോൾ അതീവ ശ്രദ്ധയോടെ, ജാഗരണം നടത്തുമ്പോൾ ദൈവസ്നേഹത്തോടെ, ദാനം ചെയ്യുമ്പോൾ സന്തോഷത്തോടെ, പ്രവൃത്തികൾ ചെയ്യുമ്പോൾ ഉത്സാഹത്തോടെ, സംസാരിക്കുമ്പോൾ സൂക്ഷ്മതയോടെ, വ്യക്തിബന്ധങ്ങൾ പണിതുറപ്പിക്കുമ്പോൾ ആത്മാർത്ഥതയോടെ ഈ പാഠങ്ങൾ നമ്മുടെ ഹൃദയപലകയിൽ എഴുതിവയ്ക്കാം.

**ഫാ. ജേക്കബ് ചെറിയാൻ**

ചർച്ചാവേദി ചർച്ചാവേദി

# 'മലങ്കര അസോസ്യേഷനും തിരഞ്ഞെടുപ്പും'



**ഷാജി മുകുടിയിൽ**

അധികാര സ്ഥാനങ്ങൾ കരസ്ഥമാക്കുവാൻവേണ്ടി പണ്ടുമുതലെ മനുഷ്യൻ എന്തെല്ലാം കാട്ടിക്കൂട്ടിയിട്ടുണ്ട് എന്നതിന് ചരിത്രം ഒരു തെളിവാണ്. അധികാരമെന്ന അപ്പക്കഷണം പിടിച്ചെടുക്കുവാൻ മനുഷ്യൻ എത്രയെത്ര യുദ്ധങ്ങൾ നടത്തി. എത്രയെത്ര നിരപരാധികളുടെ ജീവൻ ഈ സ്വാർത്ഥതാത്പര്യത്തിൽ ഹോമിക്കപ്പെട്ടു. മനുഷ്യൻെറ ബുദ്ധി വളരെയധികം വികസിച്ചിട്ടുള്ള ഇക്കാലത്തും അധികാരത്തിനും സ്വാർത്ഥ താത്പര്യത്തിനും ആക്കം കൊടുത്തുകൊണ്ടാണ് അവൻെറ പോക്ക്; പണ്ടത്തേതിലും ഒരുപിടി മുന്നോട്ട് തന്നെ.

ഇന്ന് പൊതുവെ രാഷ്ട്രീയ രംഗങ്ങളിൽ മാത്രം കണ്ടുവരാറുള്ള ഈ പ്രവണതകൾ ഇന്ന് സഭയിലും കടന്നുകൂടിക്കഴിഞ്ഞിരിക്കുന്നു. ആത്മീയ രംഗത്ത് മനുഷ്യൻ എത്രമാത്രം പിന്നോക്കം ആണ് എന്ന് ഇതു് വ്യക്തമാക്കുന്നു. ക്രിസ്ത്യാനികളായ നാം ക്രിസ്തുവിൻെറ തത്വങ്ങളും ആദർശങ്ങളും മുറുകെ പിടിച്ച് അവൻെറ സാക്ഷികളായി, തെളിഞ്ഞു പ്രകാശിക്കുന്ന വിളക്കുകളായി തീരേണ്ടതിന് പകരം ഇന്നെവിടെ നിൽക്കുന്നു? ദൈവത്തെ മറികടന്ന് തൻെറ സ്വാർത്ഥ താല്പര്യങ്ങൾക്കനുസരിച്ച് ജീവിക്കാനും പ്രവർത്തിക്കാനും നാം സന്നദ്ധത കാട്ടാറുണ്ട്. മറിച്ചോ?

ഇപ്രാവശ്യത്തെ അസോസ്യേഷനും തിരഞ്ഞെടുപ്പും ഈ നഗ്നയാഥാർത്ഥ്യം വെളിപ്പെടുത്തുന്നതാണ്. 'ദൈവത്തിൻെറ കുഞ്ഞാടുകളെ മേയിപ്പാനുള്ള ഇടയന്മാരെ തിരഞ്ഞെടുക്കുന്നതിനുള്ള ചുമതല മനുഷ്യരെക്കാളുപരി ദൈവത്തിനാണ് എന്നും പണത്തിൽ കൂടെയും വിദ്യാഭ്യാസത്തിൽ കൂടെയും ഇതു് നേടിയെടുക്കാൻ സാദ്ധ്യമല്ല എന്നും'. ഇവ രണ്ടും ഒരു പരിധിവരെ ആവശ്യമാണെന്താനും. ദൈവിക പന്ഥാവിന് നാം കൂടുതൽ പ്രാധാന്യം കൊടുക്കേണ്ടിയിരിക്കുന്നു.

"മലങ്കര അസോസ്യേഷനും തിരഞ്ഞെടുപ്പും". എന്ന ലേഖനത്തിലൂടെ ഫാ. P. C. ഗീവറുഗീസ് വളരെ വിശദമായ രീതിയിൽ കഴിഞ്ഞ തെരഞ്ഞെടുപ്പിൻെറ നേട്ടങ്ങളും കോട്ടങ്ങളും വരച്ചുകാട്ടി.

ഇത്രയും പ്രാധാന്യം അർഹിക്കുന്ന ഒരു പരിപാടി നടത്തുന്നതിന് രണ്ടാഴ്ച മുൻപ് എങ്കിലും ഈ വിഷയം ഓർത്ത് പ്രാർത്ഥിക്കുന്നതിനും മററും (രണ്ടു് ഞായറാഴ്ചകൾ) വി. കുർബാന മദ്ധ്യേ പ്രത്യേകം പ്രാർത്ഥന നടത്തുന്നതു് നല്ലതാണ് എന്നാണ് എൻെറ അഭിപ്രായം. മെത്രാൻ സ്ഥാനാർത്ഥികളെ തിരഞ്ഞെടുക്കുമ്പോൾ ആശ്രമസ്ഥരായ വൈദികർക്ക് കൂടുതൽ അവസരം കൊടുക്കുന്നതു് ഉചിതമെന്ന് തോന്നുന്നു. കാരണം ഒരു പ്രത്യേക ചുററുപാടിൽ ഇവർ ജീവിക്കുന്നതിനാൽ മററുള്ളവരെക്കാൾ ജീവിതത്തിന് കൂടുതൽ അടുക്കും ചിട്ടയും പ്രാർത്ഥനാനിരതമായ ജീവിതവും ഉണ്ടായിരിക്കും. തന്നെയുമല്ല സ്വാർത്ഥതാല്പര്യങ്ങൾ കുറെ കുറഞ്ഞും ഇരിക്കും.

നൂററാണ്ടുകൾ, പാരമ്പര്യമുള്ള നമ്മുടെ സഭ ഇതര സഹോദരീസഭകളെ അപേക്ഷിച്ച് പ്രവർത്തനം കേരളത്തിൽ മാത്രം ഒതുക്കി നിർത്തിയിരിക്കുകയാണ്. ഇതു് മാററിയെടുത്ത് നമ്മുടെ പ്രവർത്തനം ഭാരതത്തിലെ എല്ലാ സംസ്ഥാനങ്ങളിലും വ്യാപിപ്പിക്കേണ്ട സമയം അതിക്രമിച്ചിരിക്കുകയാണ്. തിരഞ്ഞെടുക്കപ്പെടുന്ന വൈദികരെ (മെത്രാൻ സ്ഥാനത്തേക്ക്) ഉത്തര ഇന്ത്യയിൽ ഏതെങ്കിലും ഒരു സ്ഥലത്ത് പരിശുദ്ധ സുന്നഹദോസ് നിശ്ചയിക്കുന്ന കാലയളവ് (മൂന്ന് വർഷത്തിൽ കുറയരുതു്) മിഷ്യൻ പ്രവർത്തനത്തിന് വിടണം. തൻമൂലം ഇവരുടെ സേവന സന്നദ്ധതയും കാര്യക്ഷമതയും വർദ്ധിക്കുന്നതിനും മനസ്സിലാക്കുന്നതിനും അങ്ങനെ സഭ വളരുന്നതിനും സഹായകമാകും. നമ്മുടെ സഭയുടെ പ്രവർത്തനങ്ങൾ ഭാരതത്തിൽ ഒന്നാകെ കീർത്തിതമാകുന്നതിനും ഇടയാകും. എന്നതിന് സംശയം ഇല്ല.

ധ്യാനവേദി അദ്ധ്യായം എട്ട്

# ക്രിസ്താനുകരണം


**തോമസ് എ. കെംപിസ്**

യേശുവുമായുള്ള ഗാഢസൗഹൃദത്തെപ്പററി

യേശു നമ്മോടു സഹവസിക്കുമ്പോൾ, എല്ലാം ശുഭമാകുന്നു; യാതൊന്നും പ്രയാസകരമാകുന്നില്ല; എന്നാൽ യേശു നമ്മെ വെടിയുമ്പോൾ സർവ്വവും കഠിനമാകുന്നു. യേശു നമ്മുടെ ഹൃദയങ്ങളിൽ സംസാരിക്കാത്തപ്പോൾ സുഖങ്ങൾ പോലും ശൂന്യങ്ങളാകുന്നു; എന്നാൽ യേശു ഒററവാക്കെങ്കിലും സംസാരിക്കുമ്പോൾ നാം മേദുരമായ സുഖം അനുഭവിക്കുന്നു. "നാഥൻ ഇവിടെയുണ്ട്; നിന്നെ വിളിക്കുകയും ചെയ്യുന്നു" എന്ന് മാർത്ത പറഞ്ഞപ്പോൾ കരഞ്ഞുകൊണ്ടിരുന്ന മഗ്ദലന മറിയം എത്ര പെട്ടെന്നാണ് എഴുന്നേററതെന്ന് ഓർക്കുക. അശ്രുധാരയിൽനിന്ന് ആത്മമോദത്തിലേക്ക് യേശു നമ്മെ ആനയിക്കുന്ന നിമിഷം എത്ര ധന്യമാകുന്നു.

യേശുവിനെക്കൂടാതെ നിങ്ങൾ എത്ര കഠിനരും ഹൃദയശൂന്യരുമാണ്; അവനെയല്ലാതെ മറെറന്തെങ്കിലും നിങ്ങൾ അഭിലഷിക്കുന്നെങ്കിൽ അതു് എത്ര വിഡ്ഢിത്തവും അർത്ഥശൂന്യതയുമാണ്. അഖിലലോകത്തിൻേറയും നഷ്ടത്തേക്കാൾ വലിയ നഷ്ടമായിരിക്കും ഇതു് തീർച്ച. യേശുവിനെക്കൂടാതെ ലോകത്തിന് നിങ്ങൾക്കെന്തു നൽകാൻ കഴിയും? യേശുവിനെക്കൂടാതെയിരിക്കുമ്പോൾ കയ്പു നിറഞ്ഞ നരകമാകുന്നു; എന്നാൽ അവനോടൊപ്പം ഇരിക്കുമ്പോൾ മധുരമായ പറുദീസയാകുന്നു. നിങ്ങളോടൊപ്പം യേശുവുള്ളപ്പോൾ ഒരു ശത്രുവിനും നിങ്ങളെ ദ്രോഹിക്കാനാവില്ല. യേശുവിനെ കണ്ടെത്തുന്നവൻ അത്ഭുതകരമായ ഒരു നിധിയെ കണ്ടെത്തുന്നു; മറെറല്ലാ നിധികൾക്കും അതീതമായ ഒരു നിധിയെ. യേശുവിനെ നഷ്ടപ്പെടുത്തുന്നവനോ അഖില ലോകത്തേക്കാളും മഹത്തരമായ ഒരു മഹാസമ്പത്തിനെ നഷ്ടമാക്കുന്നു. യേശുവിനെക്കൂടാതെ ജീവിക്കുന്നവൻ മഹാദാരിദ്ര്യത്തിൽ കഴിയുന്നു; എന്നാൽ യേശുവിനോടടുക്കുന്നവനോ സമൃദ്ധമായ ധനത്തിന് അവകാശിയാകുന്നു.

**പ്രൊഫ. കെ. വി. തമ്പി**



# വഴിയറിയാതെ

## ഇരുപതു്

വീടും പന്തലും മുററവും നിറഞ്ഞുകഴിഞ്ഞു. വീട്ടിലേക്കു കയറുന്ന ഇടവഴിയിലും റോഡിലും ആളുകൾ ഒററയ്ക്കും കൂട്ടമായും നിൽക്കുന്നു. പിന്നെയും ആളുകൾ വന്നുകൊണ്ടിരിക്കുന്നു. എല്ലാവരും അച്ചൻകുഞ്ഞിൻെറ സ്നേഹിതന്മാരോ പരിചയക്കാരോ ആയിരിക്കണം. പുതുതായി വരുന്നവർക്കു് മൃതദേഹം കാണാനും, അന്ത്യോപചാരം അർപ്പിക്കാനും തടസ്സം സൃഷ്ടിക്കേണ്ടെന്നു കരുതി ഡോക്ടർ, പന്തലിൽനിന്നു് ഇറങ്ങി കിണററിനരികിലെ നാരകത്തിൻെറ ചുവട്ടിൽ നിന്നു.

ഇടക്കു് ആരോ കൊണ്ടുവന്ന കൊടുത്ത കടുംകാപ്പി ഊതിക്കുടിച്ചുകൊണ്ടിരുന്നപ്പോൾ, 'കുഞ്ഞേ!' എന്നു് വിളിച്ചുകൊണ്ടു് ഒരാൾ അടുത്തേക്കു ചെന്നു. മുടി പറെറ വെട്ടിയ തല. രക്തനൂലുകൾ തെളിഞ്ഞു കാണാവുന്ന വലിയ കണ്ണുകൾ. മുക്കാലും കരകയറിയ, വൃത്തി ഇല്ലാത്ത കൊമ്പൻ മീശ! കടുപ്പത്തിൽ നീലം മുക്കിയ വെള്ള ജൂബ്ബായും, കരയൻമുണ്ടും വേഷം. തോളിൽ അലക്കു തോർത്തു്.

'കുഞ്ഞു് എന്നെ മറന്നോ? ഇതു് ചാക്കോച്ചനാ!'

'മറക്കാനോ?'

ഡോക്ടർ കൈനീട്ടി.

'ചാക്കോച്ചനെ എങ്ങനെയാ മറക്കുന്നതു്?'

ചാക്കോച്ചൻ രണ്ടുകൈയും നീട്ടി ഡോക്ടറുടെ കൈ കവർന്നെടുത്തു് പൊതിഞ്ഞു പിടിച്ചു. പെട്ടെന്നു് തെല്ലൊരു സങ്കോചത്തോടെ അയാൾ കൈ അയച്ചു.

'കുഞ്ഞിൻെറ കൈ നോവും! എൻെറ കൈമുഴവനും തഴമ്പാ!'

'ചാക്കോച്ചൻ ഇപ്പോൾ വന്നതേയുള്ളോ?'

'അത്രേയുള്ളു.'

'വേറെ ആരാ?'

വീട്ടുകാരത്തിയുമുണ്ടു്. അപ്രത്തു കാണും.'

'പിന്നെ, എന്തൊക്കെയാ ചാക്കോച്ചാ വിശേഷം? സുഖമാണോ?'

ഡോക്ടറുടെ ചോദ്യം കേട്ടു് ചാക്കോച്ചൻ ഒന്നു ചിരിച്ചു. വിഷാദം കലർന്ന ചിരി.

'ഞങ്ങൾക്കൊക്കെ എന്തു സുഖം കുഞ്ഞേ? ഇങ്ങനെ ഇരുണ്ടു വെളുത്തു കഴിയുന്നു!'

'ഇപ്പം എന്താ പണി?'

ഇപ്പം ടാപ്പിംഗാ!'

'പിള്ളേരൊക്കെ എവിടെ വരെയായി?'

'പിള്ളേരു് മൂത്ത പെണ്ണിനെ കെട്ടിച്ചു. രണ്ടാമത്തേതും മൂന്നാമത്തേതും ആൺപിള്ളേരാ. ഒരുത്തനും പഠിക്കുകേലാരുന്നു! ഇപ്പം രണ്ടുംകൂടെ ഒരു ഓട്ടോറിക്ഷാ വാങ്ങിച്ചു് അതും തള്ളിക്കൊണ്ടു നടപ്പാ? കടം വീട്ടിക്കഴിഞ്ഞു് അവന്മാരുടെ വട്ടച്ചെലവിനെ ാള്ള തൊ ക്കെ കിട്ടും. അതിൻെറ ഇളയത്തുങ്ങളു് പഠിക്കുകയാ!'

തൻെറ ബന്ധുക്കളെല്ലാം ഇന്നും ദരിദ്രർ തന്നെ. ആർക്കും ഒരു മേൽഗതിയും ഉണ്ടായിട്ടില്ലല്ലോ. എല്ലാവർക്കും പറയാനുള്ളതു് ദുഃഖത്തിൻെറയും ഞെരുക്കത്തിൻെറയും കഥകൾ മാത്രം. ഇവരൊക്കെ എന്നാണു് ഇനി സുഖത്തിൻെറയും സന്തോഷത്തിൻെറയും തുറമുഖത്തു് എത്തിച്ചേരുന്നതു്? ഡോക്ടർ വേദനയോടെ ആലോചിച്ചുപോയി.

അല്ലെങ്കിൽ എന്താണു് സുഖം? ദുരിതം അനുഭവിക്കുമ്പോൾ പ്രത്യാശിക്കാനുള്ള ഒരു മരീചിക! അടുക്കുംതോറും അകന്നകന്നു പോകുന്ന, ചക്രവാളം പോലെ എന്തോ ഒന്നു്! അതോ, ഏതു ദുഃഖത്തെയും പുഞ്ചിരിയോടെ നേരിടാൻ കഴിയുന്ന അവസ്ഥയോ? ആരറിഞ്ഞു!

അമ്മയുടെ അനിയത്തിയുടെ മകനാണു് ചാക്കോച്ചൻ. ഒരു വയസ്സു കൂടുതലുണ്ടെങ്കിലും അന്നും ഇന്നും തന്നെ ബഹുമാനം. എടാ പോടാ, എന്നോ, നീയെന്നോ പോലും വിളിക്കുകയില്ല. അങ്ങോട്ടു് അങ്ങനെ വിളിക്കുന്നതിനൊട്ടു വിരോധവുമില്ല. മൂന്നോ നാലോ ക്ലാസ്സുകൊണ്ടു' വിദ്യാഭ്യാസം നിർത്തി. പിന്നെ കാള കളിച്ചു നടന്നു. അവധി കിട്ടാൻ കാത്തിരിക്കുകയാണു്, തന്നെ കൂട്ടിച്ചുകൊണ്ടുപോകാൻ. ഇതു് ഏഴോ എട്ടോ വയസ്സുള്ളപ്പോൾ തുടങ്ങിയ പതിവാണു്. ഇന്നും ഓർക്കുമ്പോൾ ദുഃഖമോ സങ്കോചമോ തോന്നുന്ന ഒരു പതിവുണ്ടായിരുന്നു അന്നു്.

രാവിലെ എഴുന്നേററാലുടനെ കൊച്ചമ്മ, ചാക്കോച്ചനെ പറഞ്ഞയച്ചു് അടുത്തുള്ള ചായക്കടയിൽനിന്നു് രണ്ടു ദോശ വാങ്ങിക്കും. ഒന്നു് തനിക്കു് തിന്നാനാണു്. മറെറ ഒന്നു് നുള്ളിക്കീറി പങ്കുവച്ചു കൊടുത്തിട്ടു് കൊച്ചുപിള്ളേരോടായി ഒരു പ്രഖ്യാപനം നടത്തും.

'അവൻ രാവിലെ എഴുന്നേററാലുടനെ വല്ലതും തിന്നു കിടക്കുന്നതാ! നീയൊന്നും ഇനി അങ്ങോട്ടു നോക്കേണ്ട!'

അമ്മ പറഞ്ഞതു് ഇളയ കൊച്ചുപിള്ളേരോടാണു്, എനിക്കിതൊന്നും ബാധകമല്ല, എന്നൊക്കെയുള്ള അധികാരഭാവത്തിൽ ചാക്കോച്ചൻ അടുത്തുവന്നു നിൽക്കും. ദോശ തിന്നു തീരുന്നതുവരെ. എന്നാൽ 'ശകലം തിന്നുന്നോ?' എന്നു ചോദിക്കാനോ 'ശകലം തിന്നോ', എന്നു പറയാനോ ഉള്ള അറിവു് അന്നു് ഇല്ലായിരുന്നു. അതിൽ പങ്കുപററാനുള്ള ആഗ്രഹം പ്രകടിപ്പിക്കുകയോ, കിട്ടാത്തതിൽ ഇച്ഛാഭംഗ ഭാവിക്കുകയോ ചെയ്യുകയില്ല ചാക്കോച്ചൻ. തിന്നുകഴിഞ്ഞാലുടനെ ഇല ചുരുട്ടിയെടുത്തു ദൂരെ കളയുന്ന ജോലിയും ഒരവകാശം പോലെ ചാക്കോച്ചൻ തന്നെയാണു് നിർവഹിച്ചിരുന്നതു്.

തീററി കഴിഞ്ഞാലുടനെ പുറത്തേക്കിറങ്ങും. പള്ളി അടുത്താണു്. അതിൻെറ മുററത്താണു് കളി. ശവക്കോട്ടയുടെ അടുത്തേക്കു് പോകാൻ പേടിയായിരുന്നു അന്നു്. അങ്ങോട്ടു നോക്കാൻ പോലും ഭയം! പിശാചുക്കളൊക്കെ പെണ്ണുംകെട്ടി സുഖമായിട്ടു താമസിക്കുന്നതു് ശവക്കോട്ടയിലാണെന്നാണല്ലോ ദേവകിയമ്മയും മററും പറയുന്നതു്. പക്ഷെ ചാക്കോച്ചൻ ആ അഭിപ്രായത്തോടു യോജിക്കുകയില്ല. അതിൽ ഒരു കഴമ്പും ഇല്ലെന്നാണു് അദ്ദേഹം പറയുന്നതു്. അതു് തെളിയിക്കാൻ വേണ്ടിവന്നാൽ പാതിരാത്രിക്കു് എല്ലാവരും ഉറങ്ങുന്ന സമയത്തു് ഒററയ്ക്കു് ശവക്കോട്ടയിൽ കയറി ഒരു മണിക്കൂർ ഇരുന്നിട്ടു് തിരിച്ചു വരാമെന്നുവരെ ചാക്കോച്ചൻ വീമ്പിളക്കിക്കളയും! എന്നാൽ കയറും പൊട്ടിച്ചു് ഓടിയ ഒരാടിനെ പിടിക്കാൻ ഒരിക്കൽ ശവക്കോട്ടയിൽ കയറേണ്ടിവന്നപ്പോൾ ചാക്കോച്ചൻ ഒന്നു് ശങ്കിച്ചു. ചുററും നോക്കി അടുക്കൽ വേറാരുമില്ലെന്നു് ഉറപ്പുവരുത്തിയിട്ടു് അദ്ദേഹം ശബ്ദം താഴ്ത്തി പറഞ്ഞു.

'പിശാചുക്കളൊന്നുമില്ല കുഞ്ഞേ! എന്നാലും നമ്മക്കു് ഒന്നു് കുരിശു വരച്ചേക്കാം!'

ചാക്കോച്ചനു് പലതരം അഭ്യാസങ്ങൾ വശമുണ്ടായിരുന്നു. തലകുത്തി മറിയുക, കൈ കുത്തി കാൽ നിലത്തു തൊടാതെ നടക്കുക, കാലെടുത്തു് പിടലിയിൽ കെട്ടുക, എന്നുവേണ്ട ...എല്ലാം അത്ഭുതത്തോടെ നോക്കിനിന്നുപോകും!

ഒരിക്കൽ ഈ അഭ്യാസപ്രകടനം നടന്നുകൊണ്ടിരിക്കുമ്പോഴാണു് വികാരിയച്ചൻ അതുവഴി വന്നതു്. കണ്ണിനു മുകളിൽ കൈപ്പത്തി വളച്ചുപിടിച്ചുകൊണ്ടു്, സൂക്ഷിച്ചു് നോക്കിയിട്ടു് അച്ചൻ ചോദിച്ചു.

'ഇതാരാടാ ചാക്കോച്ചാ നിൻെറ പുതിയ കൂട്ടുകാരൻ?'

'കൂട്ടുകാരനോ?'

'വിവരംകെട്ട അച്ചൻ' എന്നൊരു ചിരിയോടെ, കൈമുട്ടിലെ മണ്ണു് തൂത്തുകളഞ്ഞുകൊണ്ടു് ചാക്കോച്ചൻ പറഞ്ഞു.

'അതു് ഞങ്ങടെ അമ്മേടെ ചേട്ടത്തീടെ മകനാ. കുഞ്ഞു്... .. ലാ വീടു്.'

'ഉവ്വോ? ഇയാളു് എന്നാ വന്നതു്?'

'ഇന്നലെ.'

'ആട്ടെ ഒരു ചോദ്യം. നിങ്ങളിൽ ആരാ മിടുക്കൻ? നീയോ കുഞ്ഞോ?'

അച്ചൻെറ ആ കുസൃതിച്ചോദ്യത്തിനു് മറുപടി പറയാൻ ചാക്കോച്ചനു് ഒട്ടും ആലോചിക്കേണ്ടി വന്നില്ല.

'കുഞ്ഞു് തന്നെയാ മിടുക്കൻ!'

മെഡിക്കൽ കോളേജിൽ ചേർന്നതു് അറിഞ്ഞപ്പോൾ ചാക്കോച്ചനു സങ്കടമായിരുന്നു.

'ഇനി എന്നാ കുഞ്ഞിനെ ഒന്നു കാണുന്നതു്? അവധി കിട്ടുമ്പോൾ ഞാൻ വന്നില്ലേലും വരണേ!'

അവൻ അഭ്യർത്ഥിച്ചു.

നിറഞ്ഞുവന്ന കണ്ണു തുടച്ചുകൊണ്ടാണു് മുണ്ടിൻെറ മടിക്കുത്തിൽ തിരുകിവച്ചിരുന്ന ആ സമ്മാനം അവൻ എടുത്തു നീട്ടിയതു്. ഒരു 'സ്വാൻ' പേന! അന്നത്തെക്കാലത്തു് പന്ത്രണ്ടു രൂപാ വിലയുള്ള ആ

ചാക്കോച്ചൻെറ ശബ്ദത്തിൽ കുററപ്പെടുത്തലിൻെറ മുള്ളുമുനകളില്ലായിരുന്നു. അപേക്ഷയുടെയും യാചനയുടെയും പൂവിതളുകൾ.

ഇംഗ്ലണ്ടിൽനിന്നു് മടങ്ങിയെത്തിയ കാലത്തെങ്ങോ ചാക്കോച്ചൻെറ വീട്ടിൽ പോയതാണു്. ഇല്ല. അതിൽ പിന്നെ ആ വഴിക്കു് പോകാൻ കഴിഞ്ഞിട്ടില്ല. അന്നു് ചാക്കോച്ചനു് ഒരു മഫ്ളറാണു് സമ്മാനം കൊടുത്തതു്. തെല്ലൊരു കുററബോധത്തോടെ ഡോക്ടർ ഓർത്തു.

ഒരു ബീഡികൊളുത്തി പുക ഊതിക്കൊണ്ടു് ചാക്കോച്ചൻ പിന്നെയും പറഞ്ഞു.

'പിന്നെ കാണാൻ പററിയില്ലെങ്കിലും, ഇപ്രാവശ്യം കുഞ്ഞു് വീട്ടിൽ കൂടെ വരണം! തീർച്ചയായിട്ടും വരണം.'

ഡോക്ടർ അപ്പോൾ ഓർത്തു്, പണ്ടു് ചാക്കോച്ചൻ വന്നു് അമ്മയോടു് ആവശ്യപ്പെടുന്നതാണു്.

'അമ്മച്ചി കുഞ്ഞിനെ എൻെറ കൂടെ വിടണം! കുഞ്ഞിനെ കൊണ്ടുപോകാനാ ഞാൻ വന്നതു്!'

അന്നു് അമ്മ അനുവദിച്ചില്ലെങ്കിലും അവനോടൊപ്പം പോകാൻ ഉത്സാഹമായിരുന്നു. അവനോടൊന്നിച്ചു കളിച്ചു നടക്കാൻ. അവൻെറ അഭ്യാസപ്രകടനങ്ങൾ കാണാൻ, അവൻെറ സൽക്കാരം സ്വീകരിക്കാൻ ആവേശമായിരുന്നു. കുറെ വളർന്നപ്പോൾ, തന്നെ തൃപ്തിപ്പെടുത്താനും അത്ഭുതപ്പെടുത്താനുമുള്ള കഴിവു് ഇപ്പോൾ ചാക്കോച്ചനില്ല എന്ന തോന്നൽ ഉണ്ടായതുകൊണ്ടാണോ ആ വഴി പോകാൻ താല്പര്യം തോന്നാതിരുന്നതു്? ഒരുപക്ഷെ ആയിരിക്കാം.

ഇന്നു്, തന്നെ ആകർഷിക്കത്തക്ക ഒന്നും കൈയ്യിൽ ഇല്ലാതിരുന്നിട്ടും പഴയതിലും ആത്മാർത്ഥതയോടെ ചാക്കോച്ചൻ വിളിക്കുന്നു.

കുഞ്ഞു് വരണം! തീർച്ചയായിട്ടും വരണം!'

പണ്ടു് തന്നെ സല്ക്കരിക്കാൻ

**ജേക്കബ് കണ്ണന്താനം**

പേന കൊണ്ടാണു് പിന്നീടു്, പ്രശസ്തവിജയം കൈവരിക്കാൻ കഴിഞ്ഞ പല പരീക്ഷകളും എഴുതിയതു്. വിദ്യാഭ്യാസ കാലത്തു് ലഭിച്ച ഏററവും വിലപ്പെട്ട സമ്മാനമായിട്ടാണു് അതു് സൂക്ഷിച്ചു വച്ചിരുന്നതു്. കാളപൂട്ടുകാരനായ ചാക്കോച്ചൻെറ സമ്മാനം!

'ഇവിടുത്തെ അമ്മച്ചി മരിച്ചപ്പം എങ്ങാണ്ടു് ഞാൻ കുഞ്ഞിനെ കണ്ടതാ! ഇപ്പം കാലം എത്രയായി?'

ചാക്കോച്ചൻെറ സ്വരം കേട്ടു് ഡോക്ടർ ചിന്തകളിൽനിന്നുണർന്നു.

ഡോക്ടർ ഒന്നും മിണ്ടുന്നില്ലെന്നു കണ്ടപ്പോൾ ചാക്കോച്ചൻ തുടർന്നു.

'കുഞ്ഞിനു് വല്ലപ്പോഴുമൊക്കെ ഞങ്ങളെയൊന്നു കാണാൻ വന്നാലെന്താ? കുഞ്ഞിനു് ഇല്ലേലും ഞങ്ങൾക്കു് അതൊരു വല്യകാര്യമാ!'

ദോശ വാങ്ങിച്ചുകൊണ്ടുവരുന്നതുപോലെ, ഇന്നും ചെല്ലുമ്പോൾ തനിക്കുവേണ്ടി വിഭവങ്ങൾ ഒരുക്കാൻ അവൻ കടയിലേക്കു ഓടിയെന്നു വരാം.

നെടുവീർപ്പോടെ ഡോക്ടർ പറഞ്ഞു

'ഞാൻ വരാം ചാക്കോച്ചാ. അവിടെയെന്നല്ല. നമ്മുടെ എല്ലാ വീടുകളിലും ഒന്നു് കയറി ഇറങ്ങണമെന്നു് എനിക്കു് പ്ലാനുണ്ടു്. ഒരു പക്ഷെ ഇനിയൊരിക്കൽ അതിനുള്ള ഒരവസരം കിട്ടാതെ വന്നെങ്കിലോ!'

'അച്ചൻ വന്നെന്നു തോന്നുന്നു കുഞ്ഞേ!'

ബീഡി ആഞ്ഞുവലിച്ചു്, കുററിനിലത്തിട്ടു് ചവിട്ടി അരച്ചിട്ടു് ചാക്കോച്ചൻ പറഞ്ഞു.

അച്ചൻകുഞ്ഞിൻെറ മൃതദേഹത്തിനരികെ നില്ക്കുന്ന കറുത്ത കുപ്പായമിട്ട പുരോഹിതൻെറ ശബ്ദം.

'— നമുക്കു് പ്രാർത്ഥിക്കാം!'

തുടന്നു് മുഴക്കമുള്ള ശബ്ദത്തിൽ അദ്ദേഹം പ്രാർത്ഥന ആരംഭിച്ചു. (തുടരും)

ലേഖനം

# മരണം — മൺകൂടാരജീവിതത്തിന്റെ അന്ത്യം — ആത്മാവിനു മരണമില്ല

## ഫാദർ ഡാനിയേൽ എൻ. വറുഗീസ്.

'മരണം ഒരു വാതിൽ' എന്ന ശീഷ്കത്തിൽ ജ. വി. ആർ. കൃഷ്ണയ്യർ മലയാള മനോരമ വാരാന്ത്യപ്പതിപ്പിൽ പ്രസിദ്ധീകരിച്ചുകൊണ്ടിരുന്ന ലേഖനപരമ്പര വളരെ താല്പര്യത്തോടും ജിജ്ഞാസയോടുംകൂടെ ഞാൻ വായിച്ചുകൊണ്ടിരുന്നു. മരണം മൂലം ശരീരംവിട്ട ആത്മാക്കൾ ജീവിച്ചിരിക്കുന്നവരുമായി സമ്പർക്കം പുലർത്തുന്നതിന്റേയും ബന്ധുമിത്രാദികൾക്കു സഹായം നൽകിക്കൊണ്ടിരിക്കുന്നതിന്റേയും നിരവധി ഉദാഹരണങ്ങൾ വിവിധ ഗ്രന്ഥങ്ങളിൽനിന്നും ഗവേഷകന്മാരുടെ നിഗമനങ്ങളിൽനിന്നും ചൂണ്ടിക്കാണിച്ചതു് വായിക്കുവാൻ വളരെ കൗതുകം തോന്നി. പക്ഷെ ഈ ആത്മാക്കൾ എവിടെ ജീവിക്കുന്നു എന്തിനു ജീവിക്കുന്നു. ഇങ്ങനെയുള്ള കാര്യങ്ങളേപ്പററി കൂടുതൽ അറിവാനുള്ള എന്റെ ജിജ്ഞാസയ്ക്കു് അദ്ദേഹത്തിന്റെ ലേഖനങ്ങൾക്കു് കാര്യമായ പ്രയോജനം നൽകുവാൻ കഴിഞ്ഞിട്ടില്ല. ഇതിനു് അദ്ദേഹത്തെ ഞാൻ കുററപ്പെടുത്തുകയല്ല. അദ്ദേഹം തന്നെ തന്റെ ലേഖനം അവസാനിപ്പിക്കുന്നതു്. 'മനുഷ്യനാണു് ഏററം ഉൽക്കൃഷ്ടസൃഷ്ടി മനുഷ്യൻ വെറും മണ്ണല്ല. രാസവതന്ത്രം മാത്രമല്ല, ഞരമ്പുകൾ ഒരു വിദ്യ മാത്രമല്ല. ഇതിനെല്ലാം അതീതമായി വർത്തിക്കുന്ന ഒരു ശക്തിയാണു്' എന്നുള്ള വലിയ മഹാസത്യം പ്രഖ്യാപിച്ചുകൊണ്ടാണല്ലോ. ആത്മാക്കളുടെ ജീവിതത്തെപ്പററി ശ്രമകരങ്ങളായ ഗവേഷണങ്ങളും ആഴമായ പഠനങ്ങളും ആവശ്യമായിരിക്കുന്നു.

ശരീരം വിടുന്ന ആത്മാക്കൾ സജീവമായിത്തന്നെ ജീവിക്കുന്നുവെന്നു് മിക്കവാറും എല്ലാ മതങ്ങളും വിശ്വസിക്കുന്ന ഒരു വസ്തുതയാണു്. ജ. കൃഷ്ണയ്യർ പ്രതിപാദിക്കുന്ന രീതിയിലുള്ള ആത്മാക്കളുടെ പ്രവർത്തനങ്ങളും അദ്ദേഹം എത്തിച്ചേർന്നിരിക്കുന്ന ആത്മാക്കളെപ്പററിയുള്ള നിഗമനങ്ങളും ക്രൈസ്തവമതാനുയായികളിൽ ഭൂരിപക്ഷം പേർക്കും സുപരിചിതങ്ങളും അവരെ പഠിപ്പിച്ചിട്ടുള്ള സംഗതികളുമാണു്. പുരാതന കാലം മുതൽതന്നെ ആത്മാക്കളുമായി സമ്പർക്കം പുലർത്താൻ കഴിവുള്ള ആളുകൾ ഉണ്ടായിരുന്നു. അതിനുള്ള തെളിവുകൾ വി. വേദപുസ്തകത്തിൽ തന്നെ രേഖപ്പെടുത്തിയിട്ടുണ്ടു്. ഇങ്ങനെ ആത്മാക്കളുമായി ബന്ധപ്പെടുവാൻ കഴിവുണ്ടായിരുന്നവരെ മന്ത്രവാദികളെന്നും, വെളിച്ചപ്പാടുകാരെന്നും മററുമാണു് വിളിച്ചിരുന്നതു്. ഉദാഹരണമായി, യിസ്രായേൽക്കാർക്കു നേരെ ഫെലിസ്ത്യർ യുദ്ധത്തിനു വന്നപ്പോൾ യിസ്രായേൽ രാജാവായിരുന്ന ശൗൽ ഭയന്നു വിറച്ചു. അയാൾ എൻ—ദോരിൽ ഉള്ള ഒരു വെളിപാടുകാരിയുടെ അടുക്കൽ വേഷം മാറിച്ചെന്നു് തന്റെ മുൻഗാമിയായിരുന്ന മരിച്ചുപോയ ശമുവേലിനെ വിളിച്ചുവരുത്തി യുദ്ധത്തിന്റെ ഫലം എന്താകുമെന്നു് ചോദിക്കണമെന്നഭ്യർത്ഥിച്ചു വെളിച്ചപ്പാടുകാരി ശമുവേലിനെ വിളിച്ചു വരുത്തി. ശമുവേൽ ശൗലിനോടു് 'നീ യഹോവയുടെ കല്പന കേട്ടില്ല യഹോവ നിന്നെയും യിസ്രായേലിനേയും ഫെലിസ്ത്യരുടെ കയ്യിൽ ഏല്പിക്കും. നാളെ നീയും നിന്റെ പുത്രന്മാരും എന്നോടുകൂടെ ആകും' എന്നു പറയുന്നു. (1 ശമുവേൽ 28—ാം അദ്ധ്യായം വായിക്കുക). ഈ രീതിയിലുള്ള അനേകം ഉദാഹരണങ്ങളാണു് തന്റെ അഞ്ചു ലേഖനങ്ങളിലായി ജ. കൃഷ്ണയ്യർ വായനക്കാരുടെ മുമ്പിൽ നിരത്തിവച്ചതു്. നല്ല വായനാശീലക്കാരനും, പണ്ഡിതനും, ചിന്തകനുമായ കൃഷ്ണയ്യരുടെ ശ്രദ്ധയിൽ എന്തുകൊണ്ടാണോ വി. വേദപുസ്തകത്തിലെ ഇപ്രകാരമുള്ള ഉദാഹരണങ്ങൾ ഉൾപ്പെടാഞ്ഞതു്!

അനശ്വരനായ മനുഷ്യന്റെ നിത്യമായ ജീവിതത്തിന്റെ മൂന്നുഘട്ടങ്ങളിൽ ഒന്നുമാത്രമാണു് ശരീരമാകുന്ന മൺകൂടാരത്തിൽ വസിക്കുന്ന ഇഹലോക ജീവിതം. ഇതുകഴിഞ്ഞു് ശരീരം വിട്ട ആത്മാവു് ന്യായവിധിയുടെ സമയംവരെ (ക്രിസ്ത്യാനികളുടെ വിശ്വാസ പ്രകാരം) അധിവസിക്കുന്ന മദ്ധ്യസ്ഥിതി. അതിനുശേഷം ഓരോരുത്തനും ചെയ്യുന്ന പ്രവൃത്തിക്കനുസൃതമായി നിത്യസൗഭാഗ്യമോ, നിത്യദുഃഖമോ പ്രദാനംചെയ്യുന്ന സ്വർഗ്ഗാവസ്ഥയോ നരകാവസ്ഥയോ പ്രാപിക്കുന്ന അവസാനഘട്ടം. ഇതിൽ മദ്ധ്യസ്ഥിതമായ അവസ്ഥയിൽ ആത്മാക്കൾ ചെയ്യുന്ന ചില പ്രവർത്തനങ്ങളെപ്പററിയാണു് ജ. കൃഷ്ണയ്യർ തന്റെ ലേഖനങ്ങളിൽകൂടെ ചൂണ്ടിക്കാണിച്ചതു്. ഈ കാലഘട്ടത്തിൽ വാങ്ങിപ്പോയവരുടെ സ്ഥിതി മൗനതയാണെന്നു് ചിലർ വാദിക്കുന്നുണ്ടു്. അങ്ങനെയുള്ളവരെ കൂടുതൽ ചിന്തിപ്പിക്കുന്നതിനും ബോധവാന്മാരാക്കുന്നതിനും ജ. കൃഷ്ണയ്യരുടെ ലേഖനങ്ങൾ തീർച്ചയായും സഹായിക്കും എന്നുള്ളതിനു സംശയമില്ല. യേശുക്രിസ്തു ക്രൂശിൽ മരണം അനുഭവിച്ചശേഷം മരിച്ചവരോടു സുവിശേഷം അറിയിച്ചതിനേക്കുറിച്ചും (1 പത്രോസു് 4:6) തടവിലുള്ള ആത്മാക്കളോടു പ്രസംഗിച്ചതിനേക്കുറിച്ചും (1 പത്രോസു് 3:19) പുതിയനിയമത്തിൽ പറയുന്നുണ്ടു്. ഇതിന്റെ രണ്ടിന്റെയും സൂചന ശരീരംവിട്ട ആത്മാക്കൾക്കു് സജീവമായതും, ഉത്തരവാദിത്വത്തോടെയുള്ള പ്രതികരണം ഉദ്ദേശിക്കുന്നതുമായ ഒരു സ്ഥിതിവിശേഷം ഉണ്ടെന്നുള്ളതാണല്ലോ. യേശുക്രിസ്തു തന്നോടൊപ്പം ക്രൂശിക്കപ്പെട്ട രണ്ടു കള്ളന്മാരിൽ അനുതപിച്ചവനോടു പറയുന്നു. 'നീ ഇന്നു് എന്നോടുകൂടെ പറുദീസായിൽ ഇരിക്കും.' (ലൂക്കോസു് 23:43). മരണാനന്തരം ഒരു വിശ്വാസിയുടെ ആത്മാവു് ഈ ആത്മീയ പറുദീസയിലേക്കാണുപോകുന്നതു്. മരണത്തിനും പുനരുത്ഥാനത്തിനുമിടയ്ക്കു് നിദ്രയിലെന്നവണ്ണമുള്ള ഒരബോധാവസ്ഥ മനുഷ്യനുണ്ടെന്നു് ചിലർ തെററിദ്ധരിക്കുന്നു. എന്നാൽ നിദ്ര ശരീരത്തിനല്ലാതെ ആത്മാവിനു ബാധകമല്ല. ഇതേപ്പററി ആദിമനൂററാണ്ടുകളിൽ ജീവിച്ചിരുന്ന രണ്ടു ക്രൈസ്തവ പിതാക്കന്മാരുടെ അഭിപ്രായം ശ്രദ്ധിക്കുക. 'ആത്മാക്കൾ മരിക്കുന്നില്ല. നീതിമാന്മാരുടെ ആത്മാക്കൾ ഒരു ശ്രേഷ്ഠമായ സ്ഥലത്തും, ദുഷ്ടാത്മാക്കൾ ഒരു ഹിതമായ സ്ഥലത്തും ന്യായവിധിയുടെ നാളിനെ കാത്തുകൊണ്ടു് സ്ഥിതിചെയ്യുന്നു—' (ജസ്റ്റിൻ മാർട്ടിയർ). 'മരണത്തിങ്കൽ ശരീരം വിട്ട ആത്മാവു് ദൈവം നിർണ്ണയിച്ചിരിക്കുന്ന സ്ഥലത്തേക്കുപോകയും പുനരുത്ഥാനംവരെ വസിക്കുകയും ചെയ്യുന്നു. (വിശുദ്ധ ഐറേനിയസ്). ഈ ആത്മാക്കൾ ചൈതന്യമില്ലാത്ത നിദ്രാവസ്ഥയിലല്ലാ, വളർച്ചയുടേയും ശുദ്ധീകരണത്തിന്റെയും അവസ്ഥയിലത്രെ സ്ഥിതിചെയ്യുന്നതു്. മരിച്ചവരുടെയിടയിൽ ഇറങ്ങിച്ചെന്നു് യേശുക്രിസ്തു സുവിശേഷം അറിയിച്ചതുതന്നെ അവർക്കു് ആ അവസ്ഥയിൽ സ്വയം തിരുത്തുവാനും കൃപ ലഭിക്കുവാനും യോഗ്യതയും സാദ്ധ്യതയും ഉള്ളതുകൊണ്ടാണല്ലോ. അതുകൊണ്ടു് മരണം മനുഷ്യന്റെ മൺകൂടാരത്തിലുള്ള ഈ ലോകജീവിതത്തിന്റെ അന്ത്യം മാത്രമാണു്. ശരീരം വിടുന്ന ആത്മാക്കൾക്കു് മരണമില്ല. അവ സജീവമായിത്തന്നെ ജീവിക്കുന്നു. ഈ യാഥാർത്ഥ്യം അതിൽ വിശ്വാസമില്ലാത്ത കുറെപ്പേരെയെങ്കിലും ചിന്തിപ്പിക്കുന്നതിനും ബോധ്യപ്പെടുത്തുന്നതിനും ജ. കൃഷ്ണയ്യരുടെ ലേഖനപരമ്പരയ്ക്കു സാധിച്ചിട്ടുണ്ടെങ്കിൽ അതു് ഒരു വലിയ നേട്ടം തന്നെയാണു്.

## സഭ വെല്ലുവിളികളെ നേരിടണം

(ബജററ് പ്രസംഗം 11-ാം ലക്കം തുടർച്ച)

> 14-4-88—ൽ കൂടിയ മാനേജിംഗ് കമ്മററിയിൽ സമുദായ സെക്രട്ടറി പോൾ മത്തായി ചെയ്ത ബജററ് പ്രസംഗത്തിൽനിന്നു്.

### പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ ചരമ രജതജൂബിലി ആഘോഷം

പ. ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ കാലം ചെയ്തിട്ടു് 25 വർഷം പൂർത്തിയാകുന്ന 1989 രജതജൂബിലി വർഷമായി ആഘോഷിക്കുവാൻ പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് തീരുമാനിക്കുകയും ആഘോഷങ്ങൾക്കു് നേതൃത്വം കൊടുക്കുന്നതിനു് നിയുക്ത കാതോലിക്കാ നി. വ. ദി. ശ്രീ മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ പ്രസിഡണ്ടായും നി. വ. ദി. ശ്രീ തോമസ് മാർ അത്താനാസ്യോസ് എപ്പിസ്ക്കോപ്പാ കൺവീനറായും ഒരു കമ്മററി രൂപീകരിക്കുകയും ചെയ്തിട്ടുണ്ടു്. ആഘോഷ പരിപാടികൾ എന്തൊക്കെ ആയിരിക്കണമെന്നും അവ ഏതേതു സ്ഥലങ്ങളിൽവച്ചായിരിക്കണമെന്നും മററുമുള്ള കാര്യങ്ങളെപററി അസോസ്യേഷൻ മാനേജിംഗ് കമ്മററി അംഗങ്ങൾക്കുള്ള അഭിപ്രായങ്ങൾ യഥാവസരം അറിയിക്കണമെന്നു് അഭ്യർത്ഥിക്കുന്നു.

### ഉപസംഹാരം

മനുഷ്യരുടെ എല്ലാം ഭൗതികമായ ആവശ്യങ്ങൾ നിർവഹിക്കപ്പെടണമെന്ന ആശ നീതിനിഷ്ഠമാണു്. അതിനുവേണ്ടി എല്ലാവരും പ്രയത്നിക്കണമെന്നുള്ളതു് ഒരു ചുമതലയുമാകുന്നു. വേല ചെയ്യാത്തവനു് ഭക്ഷണത്തിനു് അവകാശമില്ല.

എല്ലാ ജനതകളുടേയും എല്ലാ ആവശ്യങ്ങൾക്കുമായി പ്രയോജനപ്പെടുത്താനുള്ളതാണു് ഭൂമിയും അതിലെ സകല വിഭവങ്ങളും. സ്വകാര്യ സ്വത്തുടമസ്ഥയുള്ള അവകാശങ്ങൾ പൊതുനന്മയെ ഹനിക്കാത്തിടത്തോളം മാത്രമേ അംഗീകരിക്കപ്പെടാവൂ അവ തമ്മിൽ പൊരുത്തപ്പെടാതെ വന്നാൽ, വ്യക്തികളുടെയും സമൂഹങ്ങളുടേയും സഹകരണത്തോടുകൂടി, ആ പ്രശ്നത്തിനു് പരിഹാരം കാണേണ്ടതു് ഗവണ്മെൻറുകളുടെ ചുമതലയാണു്.

വി. പൗലോസ് അപ്പസ്തോലൻ പറയുന്നു: 'പിതാക്കന്മാരെ, നിങ്ങൾ നിങ്ങളുടെ മക്കൾക്കു് മനസ്സിനു് മടുപ്പുണ്ടാകുന്നതുപോലെ അവരെ ശാസിക്കരുതു്.' അതു് അല്പംകൂടി വ്യാപകമാക്കി നമുക്കു് നമ്മുടെ സഹോദരങ്ങളോടു് പറയാം: 'അല്ലയോ മനുഷ്യരേ, നിങ്ങളുടെ സഹോദരങ്ങൾക്കു് മനം മടുപ്പു് തോന്നുന്നതുപോലെ നിങ്ങൾ അവരെ കുററപ്പെടുത്തരുതു്'.

അതിരു കാണാതെ, കരകവിഞ്ഞു്, തുളുമ്പി നിൽക്കുന്ന ഒരു ക്രൈസ്തവ സാഹോദര്യ സമുദ്രത്തിലേക്കു്, ഈ ആശംസകളോടെ ഈ കൊച്ചു വള്ളത്തെ മൂന്നാം പ്രാവശ്യവും ഞാൻ ഇറക്കി വിടുന്നു. തീരം അകലെയാണു്, കാററും കോളും ഇളകാം. നൗക ദുർബ്ബലമാണു്. പക്ഷേ നാവികൻ 'അല്പവിശ്വാസികളേ നിങ്ങൾ എന്തിനു് സംശയിച്ചു. ഞാനില്ലേ ഇവിടെ' എന്നു് ശിഷ്യന്മാരെ ധൈര്യപ്പെടുത്തിയ യേശു തമ്പുരാന്റെ സ്ഥാനപതിയായ നമ്മുടെ പരിശുദ്ധ ബാവാ തിരുമേനിയാണു്. ധൈര്യമായി നമുക്കു് ഈ ബഡ്ജററുമായി മുൻപോട്ടു നീങ്ങാം.

സർവ്വശക്തനായ ദൈവത്തിനു് എല്ലാവിധ സ്തോത്രവും അർപ്പിക്കുന്നു.

## മാർ ഡയനീഷ്യസ് ഹോം

മൂവാററുപുഴ ടൗണിനടുത്തു് മുടവൂർ മാർ ഗ്രീഗോറിയോസ് കാതോലിക്കേററ് സെൻററിനോടനുബന്ധിച്ച് ഉദ്ദേശം 5 ലക്ഷത്തോളം രൂപ ചെലവു ചെയ്തു് ഓർത്തഡോക്സ് സഭാ വകയായി പണി തീർത്തിട്ടുള്ള വികലാംഗർക്കുള്ള വട്ടശ്ശേരിൽ മാർ ഡയനീഷ്യസ് ഹോം 1988- ഫെ: 28നു് പ. ബാവാ തിരുമേനി ഉൽഘാടനം ചെയ്ത വിവരം നിങ്ങൾ ഏവരും അറിഞ്ഞിരിക്കുമല്ലോ. ഇരുനിലയിൽ പണി തീർത്തിട്ടുള്ള കെട്ടിടത്തിൽ 50 പേരെ പുനരധിവസിപ്പിക്കുന്നതിനുള്ള സൗകര്യം ഉണ്ടെങ്കിലും സാമ്പത്തിക പരിമിതി മൂലം ഇപ്പോൾ 6 പേരെ മാത്രമാണു് പ്രവേശിപ്പിച്ചിട്ടുള്ളതു്. അർഹതയുള്ള ഏതാനും ആപേക്ഷകർകൂടി പുറത്തു് നിൽക്കുന്നു എന്ന വസ്തുത ഖേദപൂർവ്വം അറിയിക്കുകയാണു്.

ഏതാനും സമുദായ സ്നേഹികളുടെ സഹായംകൊണ്ടു് പണിതീർത്തിട്ടുള്ള മേൽപറഞ്ഞ സ്ഥാപനം പൂർണ്ണമായും പ്രയോജനപ്പെടുത്തുവാൻ സാധിക്കണമെങ്കിൽ മനുഷ്യസ്നേഹികളും ദീനാനുകമ്പ ഉള്ളവരുമായ ഏതാനും പേർകൂടി സഹായഹസ്തം നീട്ടേണ്ടിയിരിക്കുന്നു. പ. ബാവ തിരുമേനി നിയമിച്ചാക്കിയ ഡോ. ഫിലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ പ്രസിഡൻറും ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ വൈസ് പ്രസിഡൻറും ആയിട്ടുള്ള ഒരു കമ്മററിയാണു് ഇപ്പോൾ ഈ സ്ഥാപനത്തിന്റെ ഭരണ ചുമതല നിർവഹിക്കുന്നതു്.

സന്മനസ്സുള്ള സമുദായസ്നേഹികൾ ഡയനീഷ്യസ് ഹോമിലെ ഒരു അന്തേവാസിയുടെ ചിലവിനുള്ള തുക പലിശയായി ലഭിക്കത്തവണ്ണം എൻഡോവുമെൻറുകൾ ഏർപ്പെടുത്തുകയോ അന്തേവാസികളുടെ ദൈനംദിന ചിലവുകൾക്കായി ഒരു നിശ്ചിത തുക പ്രതിമാസം സംഭാവന ആയോ ഒററപ്പെട്ട സംഭാവനകളായോ സെക്രട്ടറി, ഡയനീഷ്യസ് ഹോം, മുടവൂർ, മൂവാററുപുഴ എന്ന മേൽവിലാസത്തിൽ അയച്ചു സഹായിക്കണം.

## പള്ളിപ്പെരുന്നാൾ ആഘോഷിച്ചു

കീരുകഴി: തട്ടയിൽ കീരുകഴി സെൻറ് ജോർജ്ജ് ഓർത്തഡോക്സ് പള്ളിയുടെ ഈ വർഷത്തെ പെരുന്നാൾ മെയ് 4, 5, 6, 7 തീയതികളിൽ ചെങ്ങന്നൂർ ഭദ്രാസനാധിപൻ തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായുടെ പ്രധാന കാർമ്മികത്വത്തിൽ നടത്തപ്പെട്ടു. എല്ലാ ദിവസവും വി. കർബാനയും 4, 5, 6 തീയതികളിൽ കൺവൻഷൻ പ്രസംഗങ്ങളും ഉണ്ടായിരുന്നു. പെരുന്നാൾ ദിവസമായ 7—ാം തീയതി വി. മൂന്നിന്മേൽ കർബാനയും റാസയും നടത്തപ്പെട്ടു.

# പരുമല കൊച്ചുതിരുമേനി

അനുബന്ധം (തുടർച്ച)

പരുമല കാലം ചെയ്തിരിക്കുന്ന പരിശുദ്ധനായതിരുമേനി മലങ്കര സുറിയാനി സഭയേയും അതിന്റെ വിഷമഘട്ടത്തേയും നല്ലതുപോലെ കാണുന്നുണ്ട്. അദ്ദേഹം ഈ സഭയ്ക്കുവേണ്ടി മദ്ധ്യസ്ഥത ചെയ്യുകയാണെന്ന് നമുക്കു നല്ലതുപോലെ മനസ്സിലാക്കാം.

മരിച്ചുകഴിഞ്ഞ് ആത്മാക്കൾ ജീവനോടിരിക്കുന്നു എന്നു പറയുമ്പോൾ രണ്ടു സംഗതികൾ ഉടനെ സമ്മതിക്കേണ്ടതായിവരും. മറ്റൊരാളിനോടു സംസർഗ്ഗം ചെയ്യാതെ ഒരാൾക്കും ഒരിക്കലും ജീവിപ്പാൻ കഴികയില്ല (Personality holds communion with personlity) ജീവനുള്ള ഒരാത്മാവിനു മറ്റൊരാത്മാവുമായി സംസർഗ്ഗം ചെയ്യാതെ ഏകാകിയായി, നിശ്ചലനായി, ഒരേ അവസ്ഥയിൽ ജീവിപ്പാൻ സാധിക്കയില്ല, കൂടാതെ ഏതിനെങ്കിലും ജീവനുണ്ടെന്നു വന്നുകഴിഞ്ഞാൽ അതിന് എന്നും ഒരേ അവസ്ഥയിലും സ്ഥിതിയിലും ഇരിപ്പാൻ കഴികയില്ലെന്നുള്ളത് മനഃശാസ്ത്രത്തിന്റെ പ്രഥമപാഠംമാത്രമാണ്. ഒന്നുകിൽ ആ ജീവി അഭിവൃദ്ധി പ്രാപിക്കണം അല്ലെങ്കിൽ കീഴ്ഗതി പ്രാപിച്ചുകൊണ്ടിരിക്കണം. ആയതിനാൽ വാങ്ങിപ്പോയ സിദ്ധന്മാരുടെ ആത്മാക്കൾ നമുക്കുവേണ്ടിവിചാരപ്പെടുകയും പ്രാർത്ഥിക്കയും ചെയ്തുകൊണ്ട് കർത്താവിങ്കലേക്കു നാൾക്കുനാൾ വളർന്നുകൊണ്ടത്രെയിരിക്കുന്നത്. ''എന്റെ പിതാവു പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരാകുവിൻ'' എന്ന വാഗ്ദത്താനുസരണം പൂർണ്ണത പ്രാപിക്കുന്നതിനത്രെ ഓരോ പരിശുദ്ധനും മരണത്തിനു മുൻപും പിൻപും പ്രയത്നം ചെയ്തു കൊണ്ടിരിക്കുന്നത്. പരേതർക്ക് ഒന്നും അറിയാതിരിക്കുന്ന ഒരവസ്ഥ ഏററം ചീത്തയായ സംഗതി അറിയുന്നതിനേക്കാൾ നികൃഷ്ടമായിട്ടുള്ളതാണെന്ന് ഒരു മഹാൻ പ്രസ്താവിക്കുന്നത് എത്ര സത്യമാണ് (I would rather know the worst than know he nothing)

മറുരൂപമലയിലേക്കു സ്വല്പ നേരമൊന്നു നോക്കുക, മരിച്ചുപോയ മോശയേയും 'ആത്മലോകത്തിലേക്കു നേരെ എടുത്തുകൊള്ളപ്പെട്ട ഏലിയായേയും ജഡത്തിൽ പ്രപഞ്ചലോകത്തിൽ ജീവിക്കുന്ന ശിഷ്യന്മാരെയും, എല്ലാററിനും മേലായി നമ്മുടെ കത്താവിനെയും അവിടെ കാണുന്നു. ആത്മലോകവും, പ്രപഞ്ചലോകവും, നമ്മുടെ കത്താവുംകൂടി ഒന്നിച്ചു സമ്മേളിക്കുന്ന ഒരു രംഗമത്രെ അവിടെ കാണുന്നത്. അല്ലെങ്കിൽ സ്വർഗ്ഗവും ഭൂമിയും നമ്മുടെ കർത്താവിന്റെ സാന്നിദ്ധ്യത്തിൽ ഒന്നിച്ചു യോജിക്കുന്ന ഒരു അവസ്ഥയല്ലെ നമ്മുടെ ദൃഷ്ടിക്കു ഗോചരമാകുന്നതും. നമ്മുടെ കത്താവ് എവിടെയുണ്ടോ അവിടെ അവരുടെ നാഥനായ കത്താവുമുണ്ട്. മോശയും ഏലിയായും ദൂരെ ഒരു ലോകത്തിൽനിന്നും മറുരൂപമലയിൽ വന്നു എന്നല്ല, പിന്നെയോ എപ്പോഴും കത്താവിന്റെ സന്നിധിയിൽ ജീവിക്കുന്ന പരിശുദ്ധന്മാരായ മോശയേയും ഏലിയായേയും ഒരവസരത്തിൽ അവിടെയുണ്ടായിരുന്ന ശിഷ്യഗണങ്ങൾക്കു കാണത്തക്കവണ്ണം അവർക്കു പുതിയ കാഴ്ചയോ പ്രകാശമോ ലഭിച്ചു എന്നു മാത്രമാണ്. ഇതിന്റെ അർത്ഥം സ്വർഗ്ഗവും ഭൂമിയും തമ്മിൽ യോജിക്കുന്ന ഒരു പ്രധാനരംഗം വി. കുർബാനയാണല്ലൊ. വിശ്വാസപ്രമാണം കഴിഞ്ഞ് പദവിമേൽ കയറി നിന്നുകഴിഞ്ഞാൽ വി.ബലി അർപ്പിക്കുന്ന പുരോഹിതൻ എന്താണു ചൊല്ലുന്നത്. നമ്മുടെ ബോധങ്ങളുംവിചാരങ്ങളും നിരൂപണങ്ങളും സ്വർഗ്ഗത്തിൽ പിതാവായ ദൈവത്തിന്റെ വലതുഭാഗത്ത് മിശിഹാ തമ്പുരാൻ ഇരിക്കുന്ന മഹോന്നതങ്ങളിൽ ആയിരിക്കണമെന്നല്ലേ? ഈ സമയത്താണല്ലോ തന്റെ 'സ്തുതികളാൽ ആകാശവും ഭൂമിയും നിറയപ്പെട്ടിരിക്കുന്ന ബലവാനായ ദൈവം തമ്പുരാൻ പരിശുദ്ധൻ, പരിശുദ്ധൻ എന്നുള്ള മാലാഖമാരുടെ സ്തുതി അവരോടുകൂടി നാമും ചൊല്ലുന്നത്. ബസമൽക്കാ സമയത്ത് വി. ത്രോണോസിന്മേൽ എഴുന്നള്ളിയിരിക്കുന്ന കത്താവിനെ കന്യാസ്ത്രീയമ്മ ആദിയായി സ്വർഗ്ഗത്തിലുള്ളവരും ഭൂമിയിലുള്ളവരും ഒന്നിച്ചു ആരാധിക്കുന്നു. എബ്രായലേഖന കർത്താവു എന്താണു പറയുന്നത്? പിന്നെയോ സീയോൻ പർവ്വതത്തിനും ജീവനുള്ള ദൈവത്തിന്റെ നഗരമായ സ്വർഗ്ഗീയ യറുശലേമിനും അനേകായിരം ദൂതന്മാരുടെ സർവ്വസംഘത്തിനും സ്വർഗ്ഗത്തിൽ പേരെഴുതിയിരിക്കുന്ന ആദ്യജാതന്മാരുടെ സഭയ്ക്കും, എല്ലാവരുടെയും ദൈവമായ ന്യായാധിപതിക്കും, സിദ്ധന്മാരായ നീതിമാന്മാരുടെ ആത്മാക്കൾക്കും പുതിയ നിയമത്തിന്റെ മദ്ധ്യസ്ഥനായ യേശുവിനും, ഹാബേലിന്റെ രക്തത്തേക്കാൾ ഗുണകരമായി സംസാരിക്കുന്ന പുണ്യാഹരക്തത്തിനും അടുക്കലേക്കത്രെ നിങ്ങൾ വന്നിരിക്കുന്നത് (എബ്രായ. 12:224-2) ക്രിസ്തീയ ആരാധനയ്ക്കു വരുന്ന ആളുകൾ എത്രയോ ദൂതന്മാരുടെയും ആദ്യജാതന്മാരുടെയും നീതിമാന്മാരുടെയും അടുക്കലേക്കാണ് അടുത്തു വരുന്നത്. ഇവരെല്ലാം ഒരുമിച്ചു ഒരു സഭയുടെ അംഗങ്ങളായി കർത്താവിനെ ആരാധിക്കുന്നതായിട്ടല്ലെ എബ്രായലേഖന കർത്താവു ചിത്രീകരിച്ചിരിക്കുന്നത്. സഭയിലും അതിനു വെളിക്കും പരിശുദ്ധനെന്നു സർവ്വസമ്മതം ലഭിച്ചിട്ടുള്ള പുണ്യവാനായ മാർ ഗ്രീഗോറിയോസ് തിരുമേനി ഇവരോടുകൂടി നമ്മുടെ പ്രാത്ഥനകളിലും ഇല്ലെന്നു ആർക്കു പറയുവാൻ ധൈര്യം വരും? ഈ തിരുമേനിയുടെ മദ്ധ്യസ്ഥ പ്രാത്ഥനമൂലം പല അനുഗ്രഹങ്ങളും അനുഭവിക്കുന്ന എത്രയോ ആളുകൾ ഇന്നും നമ്മുടെ ഇടയിൽ ജീവിച്ചിരിപ്പുണ്ട്. ഈ പരിശുദ്ധന്റെ പ്രാർത്ഥന നമുക്ക് കോട്ടയായിരിക്കട്ടെ.

(അവസാനിച്ചു)

## മൈലപ്രപള്ളി പെരുന്നാൾ

പത്തനംതിട്ട: മൈലപ്ര സെൻറ് ജോർജ്ജ് ഓർത്തഡോക്സ് പള്ളിയിൽ വി. ഗീവറുഗീസ് സഹദായുടെ ഓർമ്മപ്പെരുന്നാൾ മെയ് 6, 7 തീയതികളിൽ നടത്തി.

ദാനിയേൽ മാർ പീലക്സിനോസ്, മാത്യൂസ് മാർ എപ്പിഫാനിയോസ്, ഫിലിപ്പോസ് മാർ യൗസേബിയോസ് എന്നീ മെത്രാപ്പോലീത്തന്മാരും പി. ഐ. മാത്യൂസ് റമ്പാനും പെരുനാൾ ചടങ്ങുകൾക്ക് നേതൃത്വം നൽകി.

പെരുന്നാളിനോട നുബന്ധിച്ച് 2–ാം തീയതി മുതൽ വൈദിക സെമിനാരി വിദ്യാത്ഥികളുടെ നേതൃത്വത്തിൽ പാരിഷ് മിഷൻ നടത്തി. 7–ാം തീയതി വി. മൂന്നിന്മേൽ കുർബാനയും, പ്രദക്ഷിണം ആശിർവാദം നേർച്ചവിളമ്പ് എന്നിവയും ഉണ്ടായിരുന്നു.

## പൗരോഹിത്യ രജത ജൂബിലി ആഘോഷിച്ചു

പത്തനംതിട്ട: ഫാ. ടി. ജി. ജോൺ തെങ്ങുംതറയിലിന്റെ പൗരോഹിത്യ രജതജൂബിലി മാർച്ച് 12-ന് മാക്കാംകുന്ന് സെൻറ് സ്റ്റീഫൻസ് ഓത്തഡോക്സ് പള്ളിയിൽ ആഘോഷിച്ചു. ആഘോഷദിവസം പ. ബാവാ തിരുമനസിലെ സാന്നിദ്ധ്യത്തിൽ വി. കർബാന അർപ്പിച്ചു.

ഇദ്ദേഹം കുമ്പാല സെൻറ് തോമസ് ഓർത്തഡോക്സ് പള്ളി വികാരിയായി ഇപ്പോൾ സേവനം അനുഷ്ഠിച്ചു വരുന്നു. ചെങ്ങന്നൂർ മെത്രാസനത്തിന്റെ ആഭ്യന്തരസുവിശേഷ സംഘം വൈസ് പ്രസിഡൻറ് സന്നദ്ധ സുവിശേഷ സംഘം ഡയറക്ടർ ദൈവവിളി സംഘം ഡയറക്ടർ എന്നീ പദവികളിലും ഫാ. ടി. ജി. ജോൺ സ്തുത്യർഹമായി സേവനം അനുഷ്ഠിച്ചുവരുന്നു.

## കരിപ്പുഴ പള്ളി പെരുന്നാൾ

### മെയ് 1 മുതൽ 7 വരെ

മാവേലിക്കര: കാരിപ്പുഴ സെൻറ് ജോർജ് ഓർത്തഡോക്സ് പള്ളി ഗീവർഗീസ് സഹദായുടെ പെരുന്നാൾ മെയ് 1 മുതൽ 7 വരെ തീയതികളിൽ ആഘോഷപൂർവ്വം നടത്തി.

മെയ് 1 ഞായറാഴ്ച വി. കുർബ്ബാനയെ തുടർന്നു പെരുന്നാൾ കൊടിയേററം നടത്തി. 2 മണിക്ക് ആത്മീയ സംഘടനകളുടെ സംയുക്ത വാർഷികത്തിൽ വികാരി ഫാ. കെ. ജെ. തോമസ് അദ്ധ്യക്ഷത വഹിച്ചു. ഫാ. പി. വി. ശാമുവേൽ, ശോശക്കുട്ടി ഉമ്മൻ എന്നിവർ പ്രസംഗിച്ചു.

മെയ് 2 മുതൽ 5 വരെ തീയതികളിൽ സന്ധ്യാനമസ്കാരത്തെ തുടന്നു നടന്ന കൺവെൻഷനിൽ ഫാ. ജി. ജോൺ, ഫാ. ടി. പി. ഏലിയാസ്, ഫാ. കെ. എൽ. മാത്യു വൈദ്യൻ, പ്രോം സിനി രാജ് എന്നിവർ പ്രസംഗിച്ചു.

മെയ് 6 നാലുമണിക്ക് 28–ൽ കടവിൽ കുരിശിൻതൊട്ടി നിയുക്ത കാതോലിക്കാ മാത്യൂസ് മാർ കൂറീലോസ് മെത്രാപ്പോലീത്താ കൂദാശ ചെയ്തു.

മെയ് 7–ന് മാർ കൂറീലോസ് മെത്രാപ്പോലീത്തായുടെ പ്രധാന കാർമ്മികത്വത്തിൽ വി. മൂന്നിന്മേൽ കുർബ്ബാന നടന്നു. വൈകിട്ട് 7 മണിക്ക് ആലപ്പി തീയേറേറഴ്സിന്റെ 'അഞ്ചാം തിരുമുറിവ്' എന്ന ബൈബിൾ നാടകവും ഉണ്ടായിരുന്നു.

## ഒ. വി. ബി. എസ്സ് സമാപന സമ്മേളനം

ചിററാർ—ചിററാർ വയ്യാററുപുഴ എന്നീ ഓർത്തഡോക്സ് പള്ളിയുടെ ആഭിമുഖ്യത്തിൽ ഏപ്രിൽ 7–ാം തീയതി മുതൽ 16–ാം തീയതിവരെ നടത്തി വന്നിരുന്ന ഒ. വി. ബി. എസിന്റെ സമാപനസമ്മേളനം 17–ാം തീയതി വി. കുർബാനയ്ക്കുശേഷം നടന്നു. ഫാ. മത്തായി ഒ. ഐ. സി. വി. കുർബാന അർപ്പിച്ചു. ഒ. വി. ബി. എസ്സ്. കുട്ടികളും അദ്ധ്യാപകരും വി. കുർബാന അനുഭവിച്ചു. വി. കുർബാനയ്ക്കുശേഷം കുട്ടികളുടെ വർണ്ണശബളമായ റാലി ഉണ്ടായിരുന്നു.

ഉച്ചയ്ക്ക് ഒരു മണിക്ക് ഫാ: അലക്സന്ത്രയോസ് ഒ. ഐ. സിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സമാപനസമ്മേളനം ഫാ: മത്തായി ഒ. ഐ. സി. ഉത്ഘാടനം ചെയ്തു. പി. വി. വർഗ്ഗീസ്, എം. എൻ. മക്കോസ്, ജോർജ്ജ് എന്നിവർ പ്രസംഗിച്ചു. കുട്ടികളുടെ വിവിധ കലാപരിപാടികളും ഉണ്ടായിരുന്നു.

## പരുമല കൊച്ചുതിരുമേനി

പരിശുദ്ധ പരുമല തിരുമേനിയെപ്പററി ആദ്യമായി പുറത്തിറങ്ങിയ ആധികാരിക ജീവചരിത്രഗ്രന്ഥം ഫാ. ഇ. ജെ. ഏബ്രഹാം തയ്യാറാക്കിയതു്. ഹെറാൾഡിൽ ഖണ്ഡശ്ശ പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്ന ഈ ഗ്രന്ഥം പുസ്തകരൂപത്തിൽ ഉടൻ പുറത്തുവരുന്നു.

- 250—ൽപരം പേജുകൾ.
- ബഹുവർണ്ണചിത്ര പുറംതാൾ.
- പരുമലയിലെ അനുദിനപ്രവർത്തനങ്ങളുടെ വിശദവിവരണം
- അനേകരുടെ അനുഭവസാക്ഷ്യം ഉൾക്കൊള്ളുന്ന അനുബന്ധം.
- ധ്യാനത്തിനും, കൂദാശാനുഷ്ഠാനങ്ങൾക്കുമെത്തുന്നവർക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ.
- പരുമലയിൽ പ്രവത്തിക്കുന്ന ഡിപ്പാർട്ടുമെൻറുകൾ തുടങ്ങി നിരവധി വിവരങ്ങളോടു കൂടിയതു്.

25 രൂപ നിർമ്മാണച്ചിലവ് വരുന്ന ഈ ഗ്രന്ഥം വിശ്വാസികളുടെ സൗകര്യപ്രദമായ ഉപയോഗം ലക്ഷ്യമാക്കി 5 രൂപാ നിരക്കിൽ സൗജന്യമായി വിതരണം ചെയ്യുവാൻ ആഗ്രഹിക്കുന്നു.

അധികമായി വേണ്ടിവരുന്ന തുക ഭക്തജനങ്ങളിൽനിന്ന് സംഭാവനയായി ലഭിക്കേണ്ടിയിരിക്കുന്നു. സംഭാവന നല്കുന്നവരുടെ പേർ വിവരം 'പരുമല തിരുമേനിയുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിക്കുന്നവർ' എന്ന തലക്കെട്ടിൽ ഹെറാൾഡിൽ പ്രസിദ്ധീകരിക്കുന്നതാണ്. വിലാസം മാനേജർ; ഓർത്തഡോക്സ് ഹെറാൾഡ്; ദേവലോകം കോട്ടയം—686 038 അനുഭവസാക്ഷ്യങ്ങൾ അനുബന്ധമായി ചേർക്കണമെന്നാഗ്രഹിക്കുന്നവർ വിവരങ്ങൾ പൂർണ്ണവിലാസസഹിതം വെള്ളപേപ്പറിൽ ഒരുവശത്തുമാത്രം വ്യക്തമായി എഴുതി മെയ് 30–ാം തീയതിയ്ക്കകം ഓഫീസിൽ കിട്ടത്തക്കവണ്ണം അയച്ചുതരേണ്ടതാണ്.



കടമ്പനാട്ട് സെൻറ് തോമസ്പള്ളിയോടനുബന്ധിച്ച് നിർമ്മിക്കുന്ന കമ്മ്യൂണിററിഹാളിനു് പരിശുദ്ധ ബാവാ തിരുമനസ്സുകൊണ്ടു് ശിലാ സ്ഥാപനം നടത്തുന്നു.

# മുത്തൂററ് മെഡിക്കൽ സെൻററർ: ഉദ്ഘാടനം മെയ് 12–നു് നടത്തി

സ്റ്റാഫ് എഡിററർ

കോഴഞ്ചേരി: ആധുനിക സജ്ജീകരണങ്ങളോടുകൂടി നിർമ്മിച്ച മാർ ഗ്രിഗോറിയോസ് മെമ്മോറിയൽ മുത്തൂററ് മെഡിക്കൽ സെൻററിൻെറ ഉദ്ഘാടനകർമ്മം മെയ് 12 രാവിലെ 11 മണിക്കു് കേരളാ ഗവർണ്ണർ രാം ദുലാരി സിൻഹ നിർവ്വഹിച്ചു.

ചടങ്ങിൽ സംസ്ഥാന ആരോഗ്യവകുപ്പുമന്ത്രി എ. സി. ഷൺമുഖദാസ് അദ്ധ്യക്ഷത വഹിച്ചു.

വിവിധ സഭകളെയും സമുദായങ്ങളെയും പ്രതിനിധീകരിച്ചു് പ്രമുഖ വ്യക്തികൾ ആശംസാപ്രസംഗം നടത്തി.

മെഡിക്കൽ ഡയറക്ടർ ഡോ. ജോർജ്ജ് കുര്യൻ സ്വാഗതവും മെഡിക്കൽ സെൻററർ ഡയറക്ടർ എം. ജി. ജോർജ് മുത്തൂററ് കൃതജ്ഞതയും പറഞ്ഞു.

150 കിടക്കകളുള്ള മുത്തൂററ് മെഡിക്കൽ സെൻററർ ഏപ്രിൽ 23–നു് മലങ്കര സഭയുടെ പരമാദ്ധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ടു് കൂദാശ ചെയ്തു. മലബാർ ഭദ്രാസനത്തിൻെറ തോമസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ സഹകാർമ്മികത്വം വഹിച്ചു.

കോഴഞ്ചേരിയുടെ ഹൃദയഭാഗത്തു് സ്ഥാപിതമായിരിക്കുന്ന ഈ സെൻററിൻെറ ശിലാസ്ഥാപനകർമ്മം പ. കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ടു് 1982 മെയ് 14നു് ആണ് നിർവഹിച്ചതു്.

ഡോ. ജോർജ് കുര്യൻ മുത്തൂററ് എം. ആർ. സി. പി. ഡോ. ജോർജ് മാത്യു മുത്തൂററ് എം. ഡി. എന്നിവരാണു് മെഡിക്കൽ സെൻററിൻെറ ഡയറക്ടറന്മാരായി നിയമിതരായിട്ടുള്ളതു്. ഇരുവരും ഇംഗ്ലണ്ടു് അമേരിക്കാ എന്നിവിടങ്ങളിൽനിന്നും ഉന്നതബിരുദങ്ങൾ നേടി പതിനഞ്ചിലേറെ വർഷം അവിടെ സേവനം അനുഷ്ഠിച്ചിട്ടുള്ളവരാണ്.

## വചനത്തിൻെറ സുവർണ്ണം

പ. ബസേലിയോസ് മാർതോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ടു് ചെയ്ത 52 ഞായറാഴ്ചകളിൽ വി. കുർബാന മദ്ധ്യേ നടത്തുന്ന പ്രസംഗങ്ങൾ) പ്രഭാഷണങ്ങൾ ഹെറാൾഡ് ഓഫീസ് ദേവലോകം, ഓർത്തഡോക്സ് ചർച്ച് ബുക്ക് ഹൗസ് കോട്ടയം, സി.എൽ.എസ്. ബുക്ക് ഷോപ്പ് തിരുവല്ല, പരുമല സെമിനാരി, എം. ജി. ഒ. സി. എസ്. എം. ബുക്ക്ഡിപ്പോ കോട്ടയം, സെൻറ് സ്റ്റീഫൻസ് ബുക്ക് ഷോപ്പ് പത്തനംതിട്ട എന്നിവിടങ്ങളിൽ വിതരണത്തിനു് ലഭിക്കുന്നതാണ്.

വൈദികർക്കും സുവിശേഷപ്രസംഗകർക്കും
ഒരുത്തമ റഫറൻസ്ഗ്രന്ഥം
വില 50 രൂപാ

## വാർഷികം നടത്തി

നിരണം: വടക്കുംഭാഗം സെൻറ് തോമസ് ഓർത്തഡോക്സ് യുവജനപ്രസ്ഥാനത്തിൻെറ വാർഷികസമ്മേളനം ഭദ്രാസന വൈസ് പ്രസിഡൻറ് ഫാ: ജോജ്ജ് പനയ്ക്കാമററത്തിൻെറ അദ്ധ്യക്ഷതയിൽ കൂടി. ഭദ്രാസന ജോയിൻറ് സെക്രട്ടറി, വർഗീസ് മാത്യു ഫാ. ററി. കെ. വർഗ്ഗീസ്, ഫാ. സി. കെ. കുര്യൻ, ഫാ. ഉമ്മൻ വർഗ്ഗീസ്, പി. ഡി. മാത്യു എന്നിവർ പ്രസംഗിച്ചു.

## പുതിയ ഭാരവാഹികൾ

നിരണം: വടക്കുംഭാഗം സെൻറ് തോമസ് ഓർത്തഡോക്സ് യുവജനപ്രസ്ഥാനത്തിൻെറ അടുത്ത വർഷത്തേക്കുള്ള പുതിയ ഭാരവാഹികളായി പീററർ വർഗ്ഗീസ് (വൈസ് പ്രസിഡൻറു്) ബിനു ഏബ്രഹാം, (സെക്രട്ടറി;) സാബു ഏലിയാസ് (ജോയിൻറ് സെക്രട്ടറി); സെൻ. എം. ജോയി (ലൈബ്രേറിയൻ); തോമസ് പീററർ (ട്രഷറർ); കെ. എസ്. മാത്യു (ഓഡിററർ) മോൻസി ചെറിയാൻ; തോമസ് കുരുവിള; ജോൺ മാത്യു; ബിജു വർഗീസ്; റജി ചാക്കോ (കമ്മററിയംഗങ്ങൾ) എന്നിവരെ തിരഞ്ഞെടുത്തു.

## പെരുനാൾ ആഘോഷിച്ചു

ആലുവാ: കളമശേരി സെൻറു് ജോർജ് പള്ളിയിൽ വി: ഗീവറുഗീസ്. സഹദായുടെ ഓർമ്മപ്പെരുനാളും, ഓ. വി. ബി. എസ്. സമാപനവും ഏപ്രിൽ 23,24 തീയതികളിൽ ആഘോഷിച്ചു. റമ്പാൻ തെയോഫോറസ് കോർ എപ്പിസ്കോപ്പാ പരിപാടികൾക്കു് നേതൃത്വം നല്കി.

24–ാം തീയതി വി: കുർബാനയ്ക്കുശേഷം ചേർന്ന പൊതു സമ്മേളനത്തിൽ തെയോഫോറോസ് റമ്പാൻ ഇടവകയുടെ ജൂബിലി സോവനീർ പ്രകാശനം ചെയ്തു. പൗരോഹിത്യ ജൂബിലി ആഘോഷിക്കുന്ന ഇടവക വികാരി ഫാ: എം. വി. പൗലൂസിനു് ഇടവകാംഗങ്ങൾ മംഗളാശംസകൾ അർപ്പിച്ചു. ഡീക്കൻ കുര്യൻ തോമസ് പ്രസംഗിച്ചു.

## ഓഫീസ് ഉത്ഘാടനം ചെയ്തു

കല്ലുങ്കൽ: സെൻറ് ഇഗ്നേഷ്യസ് ഓർത്തഡോക്സ് യൂത്ത് ലീഗിൻെറ ഓഫീസ് ഉത്ഘാടനം ഏപ്രിൽ 16–നു് ഉമയാററുകര ഡിസ്ട്രിക്ററ് സൺഡേസ്കൂൾ ഇൻസ്പെക്ടർ പോത്തൻതോമസ് നിർവ്വഹിച്ചു. തോമസ് ററി. വർഗീസിൻെറ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സജി മാത്യു, കെ. ഏ ഏബ്രഹാം, ജോസഫ് ചാക്കോ, സണ്ണി ഫിലിപ്പ്, എന്നിവർ പ്രസംഗിച്ചു. സെക്രട്ടറി മനോജ് മാത്യു സ്വാഗതവും ലിജു വർഗീസ് കൃതജ്ഞതയും പറഞ്ഞു.

ഏപ്രിൽ 24–നു് ചെങ്ങന്നൂർ ഭദ്രാസനാധിപൻ അഭിവന്ദ്യ തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ യൂത്ത് ലീഗ് ഓഫീസും സന്ദർശിക്കുകയുണ്ടായി.

## ഭാരവാഹികളെ തിരഞ്ഞെടുത്തു

തിരുവല്ല; കല്ലുങ്കൽ സെൻറ് ഇഗ്നേഷ്യസ് ഓർത്തഡോക്സ് യൂത്ത് ലീഗിൻെറ പുതിയ വർഷത്തെ ഭാരവാഹികളായി ഫാ. ഏ. ററി. ഗീവർഗീസ് (പ്രസിഡൻറു്) എ. കെ. ഗീവർഗീസ് (വൈസ് പ്രസിഡൻറ്) മനോജ് മാത്യു (സെക്രട്ടറി) സണ്ണിഫിലിപ്പ് (ജോയിൻറ് സെക്രട്ടറി) ലിജു വർഗീസ് (ട്രഷാറർ) എന്നിവരെ തിരഞ്ഞെടുത്തു.

## ഭദ്രാസന വൈദിക സമ്മേളനം

അടൂർ: കൊല്ലം ഭദ്രാസനത്തിലെ വൈദികരുടെ ഏകദിന സമ്മേളനം മെയ് 14 നു് അടൂർ മർത്തമറിയം മന്ദിരത്തിൽ നടത്തുന്നതാണ്.

യോഗത്തിൽ മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത ആദ്ധ്യക്ഷം വഹിക്കുന്നതാണ്. മാത്യൂസ് മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്താ ക്ലാസെടുക്കും. ഇടവകകളിലെ ആദ്ധ്യാത്മിക സംഘടനകളുടെ പ്രവർത്തനത്തെപ്പററി യോഗം വിശദമായി ചർച്ചചെയ്യും.

## ശെമ്മാശപട്ടം നല്കി

പുത്തൂർ: കിണററുംകര കിഴക്കേതിൽ പൂതിയോട്ടു് കെ. ജോണിൻെറ പുത്രൻ നെൽസൺ ജോണിനു് നിയുക്ത കാതോലിക്കാ മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ കൊല്ലം സഹായമെത്രാപ്പോലീത്താ മാത്യൂസ് മാർ എപ്പിഫാനിയോസ് എപ്പിസ്കോപ്പായുടെ സാന്നിദ്ധ്യത്തിൽ പുത്തൂർ സെൻറു് ജോർജ് ഓർത്തഡോക്സ് വലിയപള്ളിയിൽവച്ചു് ശെമ്മാശപട്ടംനല്കി

## കട്ടച്ചിറപ്പള്ളി വൈദികനിയമനം ഹൈക്കോടതി വിധി

കൊച്ചി: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിലെ കൊല്ലം ഭദ്രാസനത്തിൽപ്പെട്ട കട്ടച്ചിറ സെൻറ് മേരീസ് പള്ളിയിലെ ആരാധനകൾ 1988 മാർച്ച് 23–ാം തീയതി മുതൽ സെപ്റ്റംബർ 30–ാം തീയതിവരെ നടത്തുന്നതിനു് മാവേലിക്കര തഴക്കര വിലനിലത്തു് ഫാ. വി. എം. മത്തായിയെ ചുമതലപ്പെടുത്തി ഹൈക്കോടതി ജഡ്ജി എം. എം. പരീതുപിള്ള ഓർഡർ പുറപ്പെടുവിച്ചിരിക്കുന്നു. 1971 മുതൽ പ്രസ്തുത പള്ളിയുടെ വികാരിയായി കർമ്മം നടത്തുന്ന ഫാ. പി. ജോർജിൻെറ (കററാനം) അനാരോഗ്യം കാണിച്ചു് ഭദ്രാസനാധിപൻ മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ സമർപ്പിച്ച ഹർജിയിൻമേലാണു് ഹൈക്കോടതി ഇപ്രകാരം തീരുമാനം എടുത്തിരിക്കുന്നതു്.

മെത്രാപ്പോലീത്തായ്ക്കുവേണ്ടി അഡ്വക്കേററ് സി. കെ. കോശിയും പാത്രിയർക്കീസു വിഭാഗത്തിനുവേണ്ടി അഡ്വക്കേററ് പി. എൻ. കെ. അച്ചനും ഹൈക്കോടതിയിൽ ഹാജരായി.



മൂന്നാം മാർത്തോമായുടെ മൂന്നാം ഓർമ്മപ്പെരുനാളിനോടനുബന്ധിച്ചു പ്രസിദ്ധീകരിച്ച സ്മരണികയുടെ പ്രകാശനം മാർ കൂറിലോസ് മെത്രാപ്പോലീത്താ നിർവ്വഹിക്കുന്നു.

Edited & Published by Shebaly, Printed by Rev. C. K. Joseph Ramban on behalf of M. O. C. F. C. F. Printed at Archana Offset Printers Collectorate P. O. Kottayam–2, Manager Fr. Raju Varghese, Asst. Manager A. J. George, Circulation Asst. K.P. Jacob, (Hon) Chief Editor Dr. Samuel Chandanappally, Associate Editor: Fr. C. A. Issac, Office Address: Malankara Orthodox Herald, Devalokam Kottayam–686 038